# മഷിപ്പച്ച


ഒരു വ്യാപാരകേരളം പ്രസിദ്ധീകരണം


പുസ്തകം 4 ലക്കം 9 പേജുകൾ 41 ഡിസംബർ 2023


# അ പതിപ്പ്















## അമ്മയോർമ്മകൾ

- കാർട്ടൂൺ കേരളം
- കഥ, കവിത
- കുട്ടികളുടെ മഷിപ്പച്ച




ഓഫീസ്:
**മഷിപ്പച്ച മാസിക**
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com
www.varthakeralam.com
email:
mashippachamasika@gmail.com
vyaparakeralam@gmail.com
varthakeralamdaily @gmail.com
Phone: 094471 89032

എഡിറ്റർ:
**സി. ആർ. രാജൻ**
സ്പെഷൽ കറസ്പോണ്ടന്റ്:
**ഫ്രാങ്കോ ലൂയിസ്**
കണ്ടന്റ് അഡ്വൈസർ:
**വി. യു. സുരേന്ദ്രൻ**
കറസ്പോണ്ടന്റ്:
**സി. ജി. അശോകൻ**
ടെക്നിക്കൽ ഡയറക്ടേഴ്സ്:
**ജെഫി മാത്യു ജോസ്**
**മിലു മേരി**
**റയൻ ജോസഫ്**



മഷിപ്പച്ച പുതിയ ലക്കം 'അ' എന്ന അമ്മ പതിപ്പാണ്. അമ്മയോർമ്മകൾ എഴുതി അയച്ച എഴുത്തുകാർ ഏറെ. അമ്മയിൽ തുടങ്ങുന്ന ഒരാളുടെ ജീവിതം ചെന്നെത്തിപ്പെടുന്ന പ്രതലത്തിൽ സഞ്ചരിച്ചുംകൊണ്ട് ഇവരത്രയും എഴുതിയ ഓർമ്മക്കുറിപ്പുകൾ പൂർണമായും ഉൾപ്പെടുത്താൻ സാധിച്ചിട്ടില്ല. സാധാരണജീവിതം നയിച്ച അമ്മമാരെ കുറിച്ചും ഓർക്കുവാനും എഴുതുവാനും ഏറെയുണ്ടെന്ന വെളിപ്പെടുത്തൽ കൂടിയാണ് 'അ' പതിപ്പ്. ഓൺലൈനിൽ സജീവസാന്നിധ്യമായ എഴുത്തുകാരാണ് അമ്മയോർമ്മകൾ പങ്കുവെച്ചിരിക്കുന്നത്.


സമകാലികവിഷയങ്ങൾ നർമ്മബോധത്തോടെ കാർട്ടൂൺ അമ്പുകളാക്കി എയ്യുന്ന പതിവ് ഇക്കുറിയും ബാലചന്ദ്രൻ എം. ആർ തെറ്റിച്ചില്ല. 'കാർട്ടൂൺ കേരളം' പംക്തി ഇതിനകം സ്വന്തമാക്കിയത്, വായനക്കാരുടെയും ആസ്വാദകരുടെയും നീണ്ടനിരയാണ്. 'കാർട്ടൂൺ കേരളം' പേജ് ആവശ്യപ്പെടുന്നവരുടെ എണ്ണവും വർധിച്ചിരിക്കുന്നു.

പതിനഞ്ച് വയസുവരെ പ്രായമുള്ള കുട്ടികളുടെ സർഗശേഷിക്കിടം നൽകുന്ന പംക്തിയാണ് 'കുട്ടികളുടെ മഷിപ്പച്ച'. ഇതിലേക്കുള്ള കുട്ടികളുടെ രചനകൾ, 'അശോകേട്ടന്', പംക്തിയുടെ മുഖവുരയിൽ ചേർത്തിട്ടുള്ള വാട്ട്സ് ആപ്പ് നമ്പറിലേക്ക് അയക്കുക.

mashippachamasika@gmail.com എന്ന മെയിലിലേക്കും രചനകൾ അയക്കാം.

മനസ്സിൽ തങ്ങുന്ന 8 കവിതകളും ഒരു കഥയും ഈ ലക്കത്തിലുണ്ട്. അമ്മപതിപ്പിൽ മറ്റ് ലേഖനങ്ങൾക്കും പുസ്തകപരിചയത്തിനും ഇടം ലഭിച്ചിട്ടില്ല. വായനയുടെ നവ്യാനുഭവം പകരുന്ന അമ്മയോർമ്മകൾ, ഈ വിഷയത്തിൽ വൈകാരികമായ എത്രയോ ദലങ്ങളാണ് മാസികത്താളിൽ പൊഴിച്ചിട്ടിരിക്കുന്നത്! പ്രിയ എഴുത്തുകാർ ഓർത്തെടുത്ത അമ്മമാർക്കും ഇതിലേറെ സവിശേഷതകളുള്ള, അനുസ്മരിക്കപ്പെടാതെ പോകുന്ന മറ്റ് അമ്മമാർക്കും സ്നേഹത്തിന്റെ വിസ്മയാനുഭവം കോരിച്ചൊരിഞ്ഞ് മറഞ്ഞുപോയ എന്റെ അമ്മക്കും ഈ ലക്കം സമർപ്പിക്കുന്നു.

**-സി.ആർ.രാജൻ,**
എഡിറ്റർ




## കാർട്ടൂൺ കേരളം



എം. ആർ. ബാലചന്ദ്രൻ

# അകത്താളുകളിൽ

### കവിത

സിന്ധു സൂര്യ ........................ പേജ് 4
ദർശന ................................ പേജ് 5
ശഫീഖ് അബ്ദുല്ല ................. പേജ് 6
സോണി വർഗീസ് വാരനാട് ...... പേജ് 7
നിത്യലക്ഷ്മി എൽ. ................ പേജ് 8
അശ്വതി വി.വി. ..................... പേജ് 9
ബിജു ലക്ഷ്മണൻ ............... പേജ് 10
സഫു വയനാട് .................... പേജ് 11

### കഥ

സേതു എം നായർ കരിപ്പോൾ .. പേജ് 38

### കാർട്ടൂൺ

എം.ആർ.ബാലചന്ദ്രൻ ........... പേജ് 3

### അമ്മയോർമ്മകൾ

രമ പിഷാരടി ....................... പേജ് 13
ഹാജറ കെ.എം. .................. പേജ് 17
സി.ജി.അശോകൻ ............... പേജ് 18
കപിൽദേവ് ........................ പേജ് 21
ബഷീർ മുളിവയൽ .............. പേജ് 22
അജിത രാജൻ .................. പേജ് 24
ദിവ്യ സി.ആർ. .................. പേജ് 27
രജനി സുരേന്ദ്രൻ ................. പേജ് 28
സജന സന്തോഷ് ................ പേജ് 29
ഷേർലി തോമസ് ................. പേജ് 30
നിത്യലക്ഷ്മി ...................... പേജ് 31
ജാൻസി. ആർ. ഗോപാലൻ ..... പേജ് 32
രാധാകൃഷ്ണൻ ഉണ്ണികുളം .... പേജ് 33
കുട്ടികളുടെ മഷിപ്പച്ച .. പേജ് 34

# ടാറ്റൂ




സിന്ധു സൂര്യ

പനിച്ചു കിടക്കുന്നൊരുവളിലേക്ക്
കാൽ നനയ്ക്കുന്ന
കടൽത്തിരപോലൊരു ചുംബനം.
കവിൾ തൊട്ട് മുടിയിഴകൾക്കിടയിലൂടെ
പടർന്നു കയറുന്ന സ്വപ്നം.
സ്വപ്നത്തിന് തണുപ്പാണ്.
നീ ചേർത്തുപുൽകിയാലെന്നതുപോലെ
താണ് പോകുന്ന ഇമകൾ .
ചോദിക്കാതെയും പറയാതെയും
കടന്നുവന്ന്
പടർന്നുകയറിപ്പൂത്ത
പടർപ്പൻ ചെടി പോലെ നീ.
നിലാവായും തണുവായുമെൻ
പനിയുടെ ഭൂഗോളത്തിനു മീതെ പടരുന്നു.
ഇനി നമുക്കുമ്മവയ്ക്കാനായേയില്ലങ്കിലെന്നപോലെ
ആർത്തുപെയ്യുന്ന ചുണ്ടുകൾ.
ഓരോ ചുംബനവുമൊടുവിലത്തേതെന്ന്
ടാറ്റൂ ചെയ്തു വയ്ക്കുന്നു.

പച്ചയും നീലവും കൂടിയലിഞ്ഞ ഞരമ്പിലേക്ക് നിന്റെ പിണ
ക്കം പോലെ
ശലഭച്ചിറകുള്ളൊരു സൂചിമുന.

വേദനിക്കുമ്പോഴും മനോഹരമാകുന്ന ചിരികളിലേക്ക്
ഞാനെന്നെ ഭദ്രമാക്കുന്നു..
പാതി ചെരിച്ചുവച്ച ഇടംകഴുത്തിൽ
നിന്റെ കൈകൾ ഉഷ്ണമാപിനിയാകുന്നു.
നീ,
റീഡ് ചെയ്യപ്പെടുന്ന മാത്രകൾ !
ഹൃദയവേഗം കൊണ്ട്
നീയിങ്ങനെ തളരല്ലേ.!
നൂറിൽ നിന്നും അന്തമില്ലാതെ
തെർമോമീറ്ററിൽ
മെർക്കുറിക്കും അപ്പുറത്തേയ്ക്ക് നീ.. !

പക്ഷേ,
ഞാനതിശാന്തതയിൽ
നിർലീനമാണ്.
വേദനകളുടെ മൂളക്കമില്ലാതെയൊരു
തണുത്ത കാറ്റിന്റെ
കണ്ണുകളെ പൊതിയുന്നു.
മിഴികളടയുമ്പോൾ,
കറുപ്പ് മാറി വെട്ടത്തിന്റെ
വെൺ തടാകങ്ങൾ
അങ്ങ് താഴെ,
വിദൂരതയിൽ
നീ തിളങ്ങുന്നു.
ഇനിയെനിക്ക്
ഞാനെന്തിന് !



# വാഴ്വ്



ദർശന



ഇനിക്കുമോർമ്മകൾ ചുരത്തിയെത്തുന്നു
ഒരിക്കലന്നു ഞാൻ നടന്ന വീഥികൾ.
മറഞ്ഞു പോകയോ ചരിത്രമൊക്കെയും
പുതിയപാതകൾ
തുറന്നുവയ്ക്കവേ.

ഉള്ളകങ്ങളിൽ തെളിഞ്ഞുനിന്നൊരാ
വഴികൾതേടി ഞാൻ വീണ്ടുമെത്തുമ്പോൾ,
വിജനമല്ലയാ വീഥികൾ
പുതുകാലം വരച്ച ഗേഹങ്ങൾ,
മായ്ച്ച ചിത്രങ്ങൾ.

പുതിയ കല്ലുകൾ അതിരുകൾ തീർത്ത
വഴിയിലൂടെ ഞാനരിച്ചുനീങ്ങുമ്പോൾ,
എനിക്കുചുറ്റിലും നിരന്നു
നീങ്ങിടുന്നഭയമറ്റവർ, പൊരുതി വീണവർ.

ഇടയിലോർമ്മകൾ പടർത്തി നിൽപ്പുണ്ട്
പഴയ വീടുകൾ പതറിടുംപോലെ.
തകർന്നടിഞ്ഞൊരാ
പഴയ കാലത്തിൻ
മധുരമൂറുന്ന ബാല്യസ്മരണകൾ.

ശിഖരമറ്റൊരാ മുത്തച്ഛൻ വൃക്ഷമില്ലിവിടെ ,
ശൂന്യത നിറഞ്ഞ ഭൂമിയിൽ , പുതിയ
കാലം പടവുകെട്ടിയ പഴയൊരാകുളം
തുടിച്ചുയിർക്കുവൻ കൊതിച്ചു, പായലിൻ
പച്ചയിൽ നിന്നുമെത്തി നോക്കുന്നു.

ഇവിടെയില്ലയാ കാവുകൾ
പണ്ടു ഞാൻ തിരിവച്ചൊരസ്ഥിത്തറകളും
നിറം മങ്ങി അടർന്നുവിണ്ടൊരാ
ഭൂതകാലത്തിൽ മറഞ്ഞിരിക്കയാണിന്നെന്റെ
പൈതൃകം.

ഇവിടെയല്ലോ നാം ചെമന്ന ചോരയിൽ
ഇരുണ്ട കാലങ്ങൾ പുതുക്കിയെഴുതിയാ
കൊടുംതമസ്സിന്റെ കറുത്തരാത്രിയിൽ
നിലാവ്പെയ്യുവാൻ തപസ്സിരുന്നത്.

ഇതളടർന്നൊരാ വസന്തകാലമേ,
അനിശ്ചിതം നിന്റെ പുതുപ്പിറവികൾ ,
നിനക്കുവേണമിന്നുടൽ പുതുമകൾ
പുതിയ ലോകത്തിനൊത്തു നിൽക്കുവാൻ.

ഇവിടെയിന്നു ഞാൻ കരങ്ങൾ നീട്ടുമ്പോൾ
വരികയിന്നെന്റെ കൈപ്പിടിച്ചിടാൻ,
പോയകാലത്തിൻ ജ്വലിക്കുമോർമ്മയിൽ
അധമ ചിന്തകൾ
തുടച്ചു നീക്കിടാം, നമുക്ക് നാമൊന്നായീ
പുനത്തിൽ വാണിടാം.

ഇവിടെ ഞാനിന്നു തനിച്ചു നിൽക്കുമ്പോൾ
അറിഞ്ഞിടുന്നുണ്ടീ പരമമാം സത്യം,
എനിക്കുയിർക്കുവാൻ ഇനിക്കുമോർമ്മകൾ
ഇനിയുമെന്നെന്നും കരുത്ത് നൽകണം.

# ചിതലരിച്ച ലൈബ്രറി



ശഫീഖ് അബ്ദുല്ല

കവിത

വായനാദിനത്തിലെ
ഫോട്ടോഷൂട്ടിനായാണ്,
കാലങ്ങളായടച്ചിട്ട
പഴയമയുടെ 'തനിമ'
നിലനിർത്തിപ്പോന്ന
വായനശാലയിലേക്കന്ന്
കാലെടുത്തുവച്ചത്.

'മതിലുകൾ' കയ്യടക്കിയ
ചിതൽക്കൂട്ടങ്ങൾപോലും
വായനാപ്രേമികളായിട്ടും,
തൊട്ടടുത്ത വായനശാലയിൽ
നാളിതുവരെ കയറിനോക്കാത്ത
എന്നോടെനിക്ക് പുച്ഛംതോന്നി.

'സുന്ദരികളും സുന്ദരന്മാരു'മായി
നിന്നിരുന്ന എത്രയെത്ര
പുസ്തകങ്ങളിലാണ്
ചിതലുകളവരുടെ പൈദാഹം
തീർത്തിരിക്കുന്നത്!?

'ശബ്ദങ്ങൾ'
പുറത്തുകേൾക്കാനാവാത്തവിധം
അടച്ചിട്ടാൽപ്പിന്നെ,
ചിതലുകളുടെ
കയ്യേറ്റങ്ങൾക്കെതിരെയുള്ള
പ്രതിഷേധസ്വരങ്ങൾ
ആരുകേൾക്കാനാണ്?

കണ്ടമാത്രയിൽ
ഉദ്ദേശശുദ്ധി മനസ്സിലായിട്ടാവണം,
'രമണൻ' അലമാരയുടെ
പൊടിപിടിച്ച
ചില്ലുഗ്ലാസ്സിലൂടെയെന്നെ നോക്കി
കളിയാക്കിച്ചിരിച്ചു.
'ഇന്ദുലേഖ'യുടെ ചിരിയുടെ
ലക്ഷ്യവും മറ്റൊന്നാവാനിടയില്ല.

ചുമരുകളിൽ വരച്ചിട്ട
ഭൂപടങ്ങളിലൂടെ
വായനയുടെ ലോകം
'കീഴടക്കു'ന്നതുകണ്ട്
ചിതലുകളോടെനിക്ക്
കടുത്തദേഷ്യത്തോടൊപ്പം
അസൂയതോന്നി.

ഇത്രമനോഹരമായ
വായനാശാലയുണ്ടായിട്ടും
സംരക്ഷിക്കാനാവാത്ത
'ഒരു ദേശത്തിന്റെ കഥ'യാലോചിച്ച്,
നാട്ടുകാരനെന്ന നിലയിൽ
വായനശാലയുടെ
'ദുരവസ്ഥ'യിലെനിക്ക്
കുറ്റബോധം തോന്നി.

പുറത്തേക്കുള്ള വാതിലിൽ പതിച്ച
കുഞ്ഞുണ്ണിമാഷിന്റെ
നാലുവരിക്കവിതയും വായിച്ച്,
കഴുക്കോലിൽ തലതട്ടാതിരിക്കാൻ
കുമ്പിട്ടു 'വളഞ്ഞ്' ഞാൻ
വായനശാലയുടെ പടികളിറങ്ങി.



# അന്ത്യചുംബനം...



ചുംബനച്ചൂരാൽ വീർപ്പുമുട്ടുന്ന
പരേതനെ നോക്കി
സെമിത്തേരിയുടെ പുറമ്പോക്കിൽ
അവൻ നിന്നു.
ജീവിതം നൽകാത്തത്
മരണം നൽകുമെന്നാരോ പറഞ്ഞുവോ?

അവൻ,
നെറ്റിയിൽ ജാരസൃഷ്ടിയുടെ
ലാടമുദ്ര പേറുന്നവൻ.
പിറവിക്കോളങ്ങളിൽ ശൂന്യതയുടെ
പാരാവാരങ്ങളണിഞ്ഞവൻ.
തിരസ്കാരത്തിന്റെ ചാട്ടവാറേറ്റ്
കാൽവരി കാണാതെ കുരിശേറിയവൻ.

അവൻ,
കടമേറെയില്ലെങ്കിലും കടം കൊണ്ട ജീവിതത്തിന്റെ
കടം വീട്ടാനെത്തിയവൻ.
ഒരിക്കലും പുണരാത്ത ചൂടിനെ
തണുപ്പായെങ്കിലും പുൽകാനെത്തിയവൻ.
നിഷേധത്തിന്റെ ചോദ്യമുന പതിഞ്ഞ നെറ്റിയിൽ
അന്ത്യചുംബനത്തിൻ തൈലം പുരട്ടാനെത്തിയവൻ.

കുശുകുശുക്കലുകളുടെ ഊഷ്മാവ്
മെല്ലെ മെല്ലെ അവനെ ചൂഴ്ന്നു.
നോട്ടങ്ങളുടെ കാരമുൾമുനകൾ
അവന്റെ ദൃഷ്ടിപഥത്തെ കടഞ്ഞു.
ശവമഞ്ചത്തിന്നരികിൽ നിന്ന്
നെടുവീർപ്പിന്റെ ധൂമങ്ങൾ അവനെ വലയം ചെയ്തു.

വെള്ളവിരിപ്പിൻ ജാലകങ്ങൾക്കരികെ
പൊടുന്നനെ ഒരു വെള്ളിടിയവനെ പിളർത്തുന്നു.
ഈറൻ വയലറ്റ് പൂക്കൾ വഴുതി,
നിലവിട്ട് മണ്ണിലേക്കടിയവെ
കൈവെള്ളയിൽ ആഞ്ഞ് ചുംബിച്ചവൻ മൊഴിയുന്നു.
ഇതെന്റെ നഷ്ടജനിതകത്തിന്.
ഇതെന്റെ വെന്ത ജന്മത്തിന്.
ഇതെന്റെ കത്തിപ്പോയ സ്വപ്നത്തിലെ ഏദൻ തോട്ടത്തിന്....



സോണി വർഗീസ്
വാരനാട്

# കിനാവള്ളികൾ

കവിത



എന്റെയുള്ളിൽ വിഷാദമില്ല!,
നോവിന്റെ കറ പുരണ്ട
കുറെ ഓർമ്മകൾ മാത്രം!

എന്റെയുള്ളിൽ പ്രണയമില്ല,
കിനാവള്ളിയിൽ തൂങ്ങിയാടിയ
ചില നിമിഷങ്ങൾ മാത്രം!

എന്റെയുള്ളിൽ സ്നേഹമില്ല,
സ്നേഹമെന്ന് നീ നടിച്ചാടിയ
നാടകത്തിന്റെ അവശേഷിപ്പ് മാത്രം!


പ്രണയമേ...,
ഞാനൊക്കെയും മറക്കും.
നിന്റെ കിനാവള്ളി മുറിച്ചു മാറ്റും.
പ്രണയമില്ലാത്തോർമയിൽ വറ്റി,
ഞാനെന്റെ പുലർ കാല സ്വപ്നത്തിൽ
കൂടൊരുക്കും...!
അവിടെ നിന്നെനിക്ക്
പുതു ചിറക് മുളയ്ക്കും...
എന്റെ തളർന്ന തണ്ടിൽ,
പുതിയ പച്ചപ്പ് വിടരും....
നിന്നെ മറന്ന് ഞാൻ,
സ്വപ്നങ്ങളിലേക്ക് ചേക്കേറും!



നിത്യലക്ഷ്മി എൽ.

# മടുപ്പ്





അശ്വതി.വി.വി.

കടയിൽ പോവണം
കറിയ്ക്കരിയണം
അരയ്ക്കണം
പൊടിയ്ക്കണം
വയ്ക്കണം
വിളമ്പണം
മടുത്തുവെന്നേ....!

ഒന്നു വിരലമർത്തിയാൽ
എല്ലാമെത്തുന്നതാണൊരാശ്വാസം..!

അടിയ്ക്കണം
തുടയ്ക്കണം
കഴുകണം
അലക്കണം

മിഷ്യനുള്ളത് നന്നായി..!

ഭക്ഷണം കഴിക്കാനുമൊരു
മിഷ്യൻ ഉണ്ടെങ്കിൽ..!

എ.സി. യിലിരുന്ന്
മൊബൈലിൽ തോണ്ടി
വാട്സാപ്പിൽ
ശുഭദിന ശുഭരാത്രി
പരമ്പരകൾ
ഗ്രൂപ്പുകളിൽ നിന്നും
ഗ്രൂപ്പുകളിലേയ്ക്ക്
ഫോർവേഡുകൾ

ഫേസ്ബുക്കിൽ പരതി
ലൈക്കും കമന്റും
കുറവ്
ഇൻസ്റ്റയിലിട്ട റീലിനും
റീച്ചില്ല.

മെസഞ്ചറിൽ
ഒന്നുനോക്കാം
കാമം....
പ്രേമം...
ഉള്ളുലയുന്നുണ്ട്...!
എന്നിട്ടും കോപിച്ചു

നെറ്റ്ഫ്ളിക്സിൽ
പടം തെരഞ്ഞു
പകുതിയോളം
കണ്ട് മതിയാക്കി
ഉച്ചയും സന്ധ്യയും രാത്രിയും
വേഗമോടുന്നു
ആരൊക്കെയോ
വന്നുപോകുന്നുണ്ട്
ഒന്നും കാണുന്നില്ല

എന്താണ് വയ്യാതായത് ?
ചോദിക്കുന്നുണ്ട് പലരും...

വിശ്രമമില്ലാത്തൊരു പണിയാണന്നേ
എന്തൊക്കെ ചെയ്യണം
അതാണ്
മടുത്തുവെന്നേ!

# വിശുദ്ധ മൈനകൾ

കവിത



ബിജു ലക്ഷ്മണൻ

നീണ്ട നാളുകൾക്ക് ശേഷം
കണ്ടു മുട്ടിയപ്പോൾ
അവളുടെ കുട്ടികൾക്ക്
പെയ്യാൻ വെമ്പുന്ന
ആകാശത്തെ വരഞ്ഞ്
കൊടുത്തെന്ന് പറഞ്ഞു.

എന്റെ കുട്ടികൾ
കുഴിയാനകളെ പോലെ
പെയ്തൂറുന്നത്  മലകൾക്കപ്പുറത്തേക്ക്
ചൂണ്ടികാണിച്ചു.

മലകൾക്കിടയിൽ
സാകൂതമായ
സൂര്യനെ തുന്നി കെട്ടി
കുട്ടികൾ
പുലരിയും അന്തിയും
ഒന്നായ് ചാലിച്ചു.

രതി രഥ്യകളുടെ
ഉറവയിൽ
കാറ്റായ് പെയ്തു,
കടലായ് നീറിയ
കാടിനെ പോലെ
സ്മിതം തൂവി നിറഞ്ഞു .

'കഴിഞ്ഞ ജൻമത്തിലെ
ഇണകളായ
രണ്ട് മാടത്തകളായിരുന്നില്ലേ?'
അല്ലെന്നും
കാറ്റിലടർന്നു മാറിയ
ഈരിലകളായിരുന്നുവെന്നും
വരണ്ട മഴക്കാറ്റുകൾ
ചൊല്ലി പിരിഞ്ഞു.



# പെണ്ണ്




സഫൂ വയനാട്

വൃത്തവും അലങ്കാരവും
തെറ്റിച്ചു അനുസരണ
ലവലേശമില്ലാതെ
തോന്നിയത് വിളിച്ചു പറഞ്ഞു
തോന്നുന്നിടത്തേക്ക്
തോന്നും നേരമെല്ലാം
ഇറങ്ങി നടക്കാൻ
തുടങ്ങിയതിൽ പിന്നെ
ഞാനെന്റെ കവിതയെ
പള്ളിക്കൂടത്തിൽചേർത്തു.

പഠിച്ചു പഠിച്ചവളൊരു
വല്ല്യപെണ്ണാവുമ്പോ
എല്ലാം തികഞ്ഞൊരു
കവിതയെ കണ്ടെത്തി
വാക്കും വ്യാകരണവുമുള്ള,
വൃത്തിയും വൃത്തവുമുള്ള
കവിത രചിക്കട്ടെ....

അനുസരിച്ചില്ലെങ്കിൽ
ഒരു കഥയെകൊണ്ട്
കല്യാണം കഴിപ്പിച്ച്
ഞാനവളെ കഥകഴിക്കും.





# മഷിപ്പച്ച 'അ' പതിപ്പ്

# അമ്മയോർമ്മകൾ എഴുതുന്നു...

രമ പിഷാരടി
ഹാജറ കെ.എം.
സി.ജി.അശോകൻ
കപിൽദേവ്
ബഷീർ മുളിവയൽ
അജിത രാജൻ
ദിവ്യ സി.ആർ.
രജനി സുരേന്ദ്രൻ
സജന സന്തോഷ്
ഷേർലി തോമസ്
നിത്യലക്ഷ്മി
ജാൻസി. ആർ. ഗോപാലൻ
രാധാകൃഷ്ണൻ ഉണ്ണികുളം

# അമ്മേ നിൻ ഹൃദ്സ്പന്ദനം.....



**അ**മ്മയെ എഴുതുവാൻ അനന്തതയുടെ ക്യാൻവാസ് മതിയാകില്ല. സ്പഷ്ടവും, വ്യക്തവുമായി ഏകഭാവത്തിൽ ദൈവികമായ ഊർജ്ജസ്രോതസ്സായി അമ്മ ഹൃദയത്തിനുള്ളിൽ എന്നും സ്പന്ദിക്കുന്നുണ്ട്.

'അമ്മേ നിൻ ഹൃദ്സ്പന്ദനത്താരാട്ട് പാട്ടിൻ സുഖനിർവൃതി നുകർന്ന് ഞാനുറങ്ങി നിന്നുള്ളിലായ്...

അമ്മയുടെ ഹൃദയസ്പന്ദനത്തിന്റെ സ്വരലയമാണ് ആദ്യം കേട്ട താരാട്ട് പാട്ട്. ആദ്യത്തെ ഉണർത്ത് പാട്ടും അതാണ്. ആ പാട്ടിന്റെ ലയം ഇന്നും മഹാധമിനിയിൽ ഹൃദയം സൂക്ഷിക്കുന്നു. ചെറുലോഹിനികളിലും, സൂക്ഷ്മധമിനികളിൽ പോലും അമ്മയുടെ സ്പർശത്തിന്റെ, ജീവശ്വാസത്തിന്റെ മൃദുലയമുണ്ടാകും.

ഓർമ്മയും, സ്നേഹവും, പ്രപഞ്ചവുമെല്ലാം ഒന്നായി ലയിക്കുന്ന അത്യാശ്ചര്യകരമായ ഇന്ദ്രജാലമാണത്. വെണ്ണ പോലെ മൃദുവും, കഠിനതരമായ വജ്രവും, ഋതുക്കളും, സമസ്തപ്രകൃതിയും സുഭദ്രമായി ഒരേ ഭൂമിയിൽ സമഭാവനയോടെ, കരുണയോടെ ദൃശ്യമാകുമ്പോൾ അമ്മ അതേ പ്രകൃതിയെ ഹൃദയത്തിലേറ്റുന്നു.



രമ പിഷാരടി

ഓമനച്ചേച്ചി എന്ന് ഏറെ സ്നേഹമുള്ളവർ വിളിച്ചിരുന്ന കമലമ്മ ടീച്ചർ എന്ന് സ്കൂളിടത്തിൽ അറിയപ്പെട്ടിരുന്ന എ. കമല പിഷാരസ്യാർ എന്ന് ഭംഗിയിൽ ഒപ്പിട്ടിരുന്ന അമ്മ. അമ്മയുടെ ഇനിഷ്യലിലെ 'എ' അമ്മയുടെ അമ്മ അമ്മുക്കുട്ടിയുടെ മുദ്രയാണ്. അമ്മമ്മയുടെ പേരോർമ്മ ആരാണവോ അമ്മയുടെ പേരിന്റെ കൂടെ ചേർത്തത്? പിന്നീട് എന്റെ ജോലിക്കാലത്ത് ഔദ്യോഗിക രേഖകളിൽ അമ്മയുടെ പേരെഴുതിയപ്പോൾ അതിലും കൂടെക്കൂടി അമ്മുക്കുട്ടി. ഞാൻ കണ്ടിട്ടില്ലാത്ത എന്റെ അമ്മയുടെ അമ്മ. ഞാൻ അമ്മമ്മയെ പോലെയാണ് എന്ന് അമ്മ പറയാറുണ്ടായിരുന്നു. ഒരേ ജലം, ഒരേ ഭൂമി. ഒരോർമ്മയുടെ ആരൂഢവേര്. 'നിന്നിലെ ഉപ്പായിരിക്കുമേ മുത്തശ്ശി...' ഓ എൻ വി സാർ വീണ്ടും മാതൃത്വത്തിന്റെ അനന്തതലങ്ങളിലേക്ക് നമ്മെ കൈപിടിച്ച് കൊണ്ട് പോകുന്നു

അമ്മയുടെ ബാല്യകാലം എങ്ങനെയിരുന്നു എന്ന് അമ്മ അധികമൊന്നും പറഞ്ഞിട്ടില്ല. എല്ലാം വളരെ മനോഹരമായിരുന്നു, എല്ലാവരും നല്ലവരായിരുന്നു എന്ന രീതിയിലേ അമ്മ സംസാരിക്കുകയുള്ളൂ. അമ്മയും, അച്ഛനും ചെറുപ്രായത്തിലേ നഷ്ടമായ അമ്മ വളരെ ധൈര്യവതിയായിരുന്നു എന്ന് പിന്നീട് മനസ്സിലാക്കാനായി. എറണാകുളം ജില്ലയിലെ വടക്കൻ പറവൂരിലെ പെരുവാരത്തായിരുന്നു അമ്മയുടെ ജനനം. അമ്മയുടെ എട്ട് വയസ്സിൽ അച്ഛൻ മരിച്ചു. പ

ന്ത്രണ്ട് വയസ്സിൽ അമ്മയും . അമ്മയുടെ അമ്മാവൻ അമ്മയെ കൂടെ കൂട്ടി. അമ്മയുടെ അനിയത്തിയെ കുഞ്ഞിക്കാവിറ്റ കൂടെ കൊണ്ടുപോയി ഗാന്ധിജിയെ നേരിട്ട് കണ്ടിട്ടുള്ള ആളാണ് ഹിന്ദി ടീച്ചറായിരുന്ന കുഞ്ഞിക്കാവിറ്റ.

അമ്മയുടെ അമ്മാവന് തിരുവനന്തപുരത്തായിരുന്നു ജോലി. കന്യാകുമാരിക്കടുത്ത് മാർത്താണ്ഡത്ത് വാൾവച്ചഗോഷ്ഠമായിരുന്നു അമ്മാവന്റെ വീട്. തിരുവനന്തപുരത്ത് വാടകവീട്ടിലും കുറെ നാൾ താമസിച്ചിരുന്നു. അമ്മാവന്റെ കുട്ടികളുടെ കൂടെ അമ്മയും സ്കൂളിൽ പോയി. ടി ടി സി പഠിച്ചു, പതിനെട്ടാം വയസ്സിൽ ഗവണ്മെന്റ് സ്കൂൾ ടീച്ചറായി. അമ്മാവന്റെ ചെറിയ കുട്ടികളുടെ അദ്ധ്യാപികയുമായി.

ബന്ധുക്കളുടെ നടുവിലായിരുന്നില്ല ഞങ്ങളുടെ ബാല്യം. വല്ലപ്പോഴും കാണുന്ന ആൾക്കാരൊക്കെ രക്തബന്ധുക്കൾ എന്ന് പോലും അറിയാനായത് ഞങ്ങൾ വളർന്നപ്പോഴാണ്. ഇന്നത്തെ പോലെ നവമാധ്യമങ്ങളോ, ഫോണോ ഇല്ലാത്ത കാലം. ജോലിയുള്ള അമ്മമാർ ഏറ്റവും കഷ്ടമനുഭവിച്ചിരുന്ന കാലഘട്ടത്തിലായിരുന്നു അമ്മ ജീവിച്ചത് ഗ്രാമങ്ങളിൽ നിന്ന് ബസ് പോലും ലഭ്യമല്ലാത്ത ഇടങ്ങളിൽ നിന്ന് നടന്നും ഓടിയും ജീവിച്ച് തീർത്തവരുടെ മഹനീയ പ്രതിനിധിയായിരുന്നു അമ്മ. യന്ത്രങ്ങളോ, വാഹനസൗകര്യങ്ങളോ തീരെയില്ലാത്ത ഗ്രാമപ്രദേശത്ത് നിന്ന് മൂന്ന് കുട്ടികളെ നോക്കി സ്കൂളിലേക്ക് ഓടിപ്പോകുന്ന അമ്മയെ ഇന്ന് കണ്ണുനീരോടെയോ ഓർമ്മിക്കാനാവൂ

എന്റെ അമ്മയെ ഓർമ്മയിൽ നിന്നെഴുതുമ്പോൾ അമ്മയുടെ പല മുഖങ്ങൾ കാണാനാവുന്നുണ്ട്. ആദ്യത്തെ പേജിൽ അക്ഷരങ്ങളെ സ്നേഹിക്കുന്ന, പുസ്തകങ്ങളെ സ്നേഹിച്ചിരുന്ന വീട്ടിനുള്ളിൽ ഒരു ലൈബ്രറി വേണമെന്നാഗ്രഹിച്ചിരുന്ന അമ്മയെയാണ് ഓർമ്മ വരുന്നത്. കുട്ടികളായ ഞങ്ങളെ വളരെയധികം അച്ചടക്കത്തോടെയാണ് അമ്മ വളർത്തിയിരുന്നത്. വീട് ഒരു പട്ടാള ക്യാമ്പ് പോലെ അനുഭവപ്പെട്ടിരുന്നു ചിലപ്പോഴൊക്കെ. കുട്ടികളായ ഞങ്ങൾ അത് തീരെ ഇഷ്ടപ്പെട്ടിരുന്നില്ല എങ്കിലും കുട്ടിക്കാലം മുതലേ അപ്രിയമായ സംഭവങ്ങളെയും ഉൾക്കൊള്ളാനുള്ള മനോധൈര്യമേകാൻ അമ്മയുടെ ചില ശീലങ്ങളൊക്കെ ഞങ്ങളെ സഹായിച്ചിട്ടുണ്ട്. ട്യൂഷൻ, ശുപാർശ, കടം വാങ്ങൽ, ഇവയൊന്നും അമ്മയ്ക്ക് തീരെ പ്രിയമുള്ളതായിരുന്നില്ല. അഡ്മിഷനുള്ള മാർക്കുകൾ പഠിച്ച് തന്നെ നേടണമെന്നും ആരുടെയോ ഔദാര്യമോ, ശുപാർശയോ കടമായെടുക്കരുതെന്നും അമ്മ ഞങ്ങളുടെ പെൺകുട്ടിക്കാലത്ത് തന്നെ മഹത്തായ ഉദ്ബോധനം നൽകിയിരുന്നു. ധനസമ്പാദനത്തേക്കാളേറെ മനുഷ്യത്വപരമായ സ്വാഭിമാനം ഉണ്ടാകേണ്ടതിന്റെ ആവശ്യം അമ്മ കുട്ടിക്കാലത്ത് പറയുമ്പോൾ അത്രയൊന്നും മനസ്സിലായിരുന്നില്ല. പക്ഷെ പരിചിതമായ ഇടങ്ങളിലെ പരിശീലനങ്ങളുടെ ഉൾക്കാഴ്ച അമ്മയിലൂടെ മനസ്സ് രേഖപ്പെടുത്തിയിരിക്കാം.

യാചകർക്ക് കീറിപ്പറിഞ്ഞ വസ്ത്രങ്ങൾ കൊടുക്കാതെ ധരിക്കാനാവുന്ന വസ്ത്രങ്ങളെ അമ്മ കൊടുത്ത് കണ്ടിട്ടുള്ളൂ.

തമിഴ് നാട്ടിൽ നിന്ന് നിറയെ ചിരിയുമായി എല്ലാ മാസവും വന്നിരുന്ന മുടന്തുള്ള ചെല്ലമ്മയ്ക്കായി അമ്മ നല്ല സാരികൾ സൂക്ഷിച്ച് വച്ചിരുന്നു. ചെല്ലമ്മ ബ്ളൗസ് ധരിക്കാറില്ലായിരുന്നു. സാരി പ്രത്യേക രീതിയിൽ ഗോത്രവർഗ്ഗക്കാരെ പോലെ തോളിലൂടെ ചുറ്റി കൈയിൽ കുപ്പിവളകളും, മുടന്തുള്ള ഒരു കാലിന്റെ സഹായത്തിനായി നീണ്ട വടിയുമായി സ്ഥിരമായി വന്നിരുന്ന ചെല്ലമ്മയുടെ മുഖം ഇന്നും ഓർമ്മയിലുണ്ട്. അമ്മ അവർക്കൊക്കെ ദൈവമായിരുന്നു..

ഗ്രാമത്തിലെ ആളുകൾ ജോലിക്കിടയിൽ ചെറിയ രീതിയിൽ കൈമുറിയുകയോ, കാൽ തട്ടി രക്തം കിനിയുകയോ ചെയ്യുമ്പോൾ ഓടി വരുന്നത് ഞങ്ങളുടെ വീട്ടിലേക്കായിരുന്നു. അമ്മയുടെ കൈയിൽ ഫസ്റ്റ് എയിഡിനുള്ള പഞ്ഞിയും, പൊടിമരുന്നും, അന്നുപയോഗിച്ചിരുന്ന ചെറിയ പ്ലാസ്റ്ററും ഉണ്ടായിരുന്നു. അമ്മ മുറിവ് കഴുകി വൃത്തിയാക്കി മുറിവിൽ വയ്ക്കുന്ന പൊടിമരുന്ന് വച്ച് കെട്ടിക്കൊടുക്കുന്നത് ഞങ്ങൾ കണ്ടിട്ടുണ്ട്. ഇതൊക്കെ പ്രധാനമായും അമ്മ സൂക്ഷിച്ചത് നിലത്ത് നിൽക്കാതെ തുള്ളിമറിഞ്ഞ്, മരം കയറിയിറങ്ങി എന്നും കാലും കൈയും മുറിഞ്ഞോടിവരുന്ന ഞങ്ങൾ കു

ട്ടികൾക്ക്  വേണ്ടിയായിരുന്നു. അത് ഗ്രാമത്തിലെ ആൾക്കാർക്കും ഉപയോഗപ്പെട്ടു.

അമ്മ ഒരേ സമയം ചെറിയ കുട്ടിയും, വലിയ തത്ത്വചിന്തകയുമായിരുന്നു. ഇലഞ്ഞിക്കന്റെ ഫാൻസി ഷോപ്പിൽ നിന്ന് പൂസ്ലൈഡുകളും, കളർ റിബണും, മുത്തുമാലകളും,  വളകളും അമ്മ വാങ്ങിത്തരാറുണ്ടായിരുന്നു. മദ്ധ്യവേനലവധിക്കാലത്ത് അമ്മ ഓരോ ഇതിഹാസങ്ങളും വായിച്ച് കഥ പറഞ്ഞ് തന്നിരുന്നു. അന്ന് കേട്ട പുരാണങ്ങളിൽ നിന്നാണ്  എഴുതാനുള്ള ആദ്യത്തെ അറിവ് ലഭിച്ചത് എന്ന് എനിക്ക് നിസ്സംശയം പറയാനാകും. അമ്മ ഭക്തിഗാനങ്ങളെഴുതിയിരുന്നു. അമ്മ ഉറങ്ങുന്നതും ഉണരുന്നതും ഞങ്ങൾ കുട്ടികളറിഞ്ഞിരുന്നില്ല. അമ്മയുടെ ത്യാഗം അത് മഹത്തായ ജീവിതമായിരുന്നു എന്ന് ഇന്നോർക്കുമ്പോൾ നിസ്സംശയം പറയാനാകും.

'ഉണ്ണീ, മറക്കായ്ക പക്ഷെയൊരമ്മ തൻ നെഞ്ചിൽ നിന്നുണ്ട മധുരമൊരിക്കലും' എന്ന് ഓ എൻ വി സാർ എഴുതിയത് ഈ പ്രപഞ്ചത്തിലെ സകലമാതൃത്വഭാവത്തെയും മനസ്സിൽ കണ്ട് കൊണ്ടായിരിക്കും.

ജീവന്റെ സ്പന്ദനവുമായി ഈ ലോകത്തിലേക്ക് പിറവി കൊള്ളുന്ന മനുഷ്യശിശുക്കൾ എഴുന്നേറ്റ് നിൽക്കാനോ, നടക്കാനോ ആശയവിനിമയം ചെയ്യുവാനോ സാധ്യമല്ലാത്ത നിസ്സഹായാത്മാക്കളാണ്. അങ്ങനെയുള്ള ഇത്തിരിപോന്ന ജന്മങ്ങളെ ഗർഭഗൃഹത്തിലെ അതികഠിനമായ അവസ്ഥകൾ സഹിച്ച് ഭൂമിയെന്ന മനോഹരവാസസ്ഥാനത്തേക്ക് മാറ്റിപാർപ്പിച്ച് അവരെ ലോകമെന്ന മഹാവിസ്മയത്തെ  പരിചിതമാക്കി  വർഷങ്ങളോളം പരിപാലിക്കുന്ന അമ്മഹൃദയം ദൈവത്തിന്റെ ആദ്യത്തെ  അവതാരമാണ് എന്ന് മനുഷ്യകുലം മനസ്സിലാക്കേണ്ടതുണ്ട്

അമ്മയുടെ നെഞ്ചിലൂറിയ മധുരബാല്യകാലം സ്മൃതിയിലുണ്ടാകുക  എന്നത് ഒരു പുണ്യമാണ്. അമ്മമാരുടെ ത്യാഗത്തേക്കാൾ മഹത്തായതൊന്നും ഈ ലോകത്തിലില്ല. നാഗരികതയുടെ കടന്ന് കയറ്റമില്ലാതെ, ആധുനികതയുടെ യന്ത്രസഹായങ്ങളില്ലാതെ പഴമയുടെ ഭൂമിയിൽ അമ്മ വളർത്തിയ കുട്ടികൾക്ക്  അമ്മ എങ്ങനെയാണാവോ ഇതെല്ലാം സഹിച്ചത് എന്നൊരു  ആശ്ചര്യം ഇന്നനുഭവപ്പെടുന്നുണ്ട്.

അമ്മ ജീവിച്ചിരുന്ന 84 വർഷങ്ങൾ. സുദീർഘമായ  അമ്മയുടെ  സാന്നിദ്ധ്യം  .. അമ്മ കൂടെയുണ്ടായിരുന്നെങ്കിൽ എന്ന് ഇപ്പോഴും ആശിച്ച് പോകാറുണ്ട്.  മൈഗ്രേൻ ശിരസ്സിൽ മുള്ളാണികളേറ്റുമ്പോൾ മോളേ എന്ന് വിളിച്ച് അരികിലിരുന്ന് തേനും, നാരങ്ങയും തന്നിരുന്ന അമ്മ, കുട്ടിക്കാലത്ത് വാശിയേറി ഭക്ഷണമുപേക്ഷിക്കുമ്പോൾ നിർബന്ധിച്ച് ഭക്ഷണമേകുന്ന അമ്മ,  ഒന്നാം ക്ളാസിലെ കുട്ടികൾക്ക് പഠനമികവിന് ജി ശങ്കരക്കുറുപ്പിന്റെ ഓടക്കുഴൽ സമ്മാനമായ് നൽകിയ  അമ്മ...

അമ്മ അവസാനകാലം വരെ പഠിപ്പിച്ചിരുന്ന മുട്ടമ്പലം ഗവണ്മെന്റ് സ്കൂളിൽ അമ്മയുടെ ക്ളാസിൽ  കുട്ടികളെ ചേർക്കാൻ പല മാതാപിതാക്കളും ഇഷ്ടപ്പെട്ടിരുന്നു. അമ്മ ഒരു ദിവസം ക്ളാസിൽ പോകാതിരുന്നപ്പോൾ കരഞ്ഞ് കൊണ്ട് ടീച്ചറെ കാണണമെന്ന് വാശി പിടിച്ച് വൈകുന്നേരം ടീച്ചറുടെ വീട്ടിൽ സകുടുംബം വന്ന കുട്ടി റെജിമോൻ ഇന്ന് ഡോക്ടറാണ്..അമ്മ ജീവിച്ചിരുന്ന കാലത്തോളം റെജിമോന്റെ കത്തുകൾ വരാറുണ്ടായിരുന്നു.

അമ്മ ടീച്ചറായിരുന്ന കാലത്ത് കുറുമ്പനായ ഒരു കുട്ടിയുണ്ടായിരുന്നു. എല്ലാ ക്ളാസിലും തോറ്റ് പഠിക്കുന്ന വഴക്കാളി എന്ന വിളിപ്പേരുള്ള കുട്ടി. വഴക്കാളി കുട്ടിക്ക് പ്രധാന അദ്ധ്യാപകനിൽ നിന്നും സ്ഥിരമായി അടി കിട്ടിക്കൊണ്ടിരുന്നു. അമ്മ ഈ കുട്ടിയെ വിളിച്ച് ചോദിച്ചു, 'എന്താ കുട്ടി നിന്റെ പ്രശ്നം' . അവൻ പറഞ്ഞു മറ്റു കുട്ടികൾ അവനെ ഉപദ്രവിക്കുമ്പോൾ തിരികെ അവനും ഉപദ്രവിക്കുന്നു എന്ന്. അമ്മയ്ക്ക് കാര്യം മനസ്സിലായി.  കുട്ടിയുടെ വീട്ടിലും പ്രശ്നമുണ്ട്. അമ്മ മരിച്ച കുട്ടി, അച്ഛൻ വേറെ വിവാഹം കഴിച്ചു. അമ്മ ആ കുട്ടിയോട് പറഞ്ഞു. ഇനിമുതൽ ആര് ഉപദ്രവിച്ചാലും തിരികെ ഒന്നും ചെയ്യരുത് എന്റെയരികിൽ വന്ന് പറയണം. അതോട് കൂടി  കുറുമ്പൻ കുട്ടി നന്നായി. മറ്റ് കുട്ടികൾ അവനെ ഉപദ്രവിക്കുന്നതും ഇല്ലാതായി..

പഠനശേഷം അമ്മ കുറെ നാൾ തിരുവനന്തപുരത്ത് പഠിപ്പിച്ചിരുന്നു. കന്യാകുമാരിയ്ക്കടുത്ത്,  . അമ്മയുടെ വിവാഹശേഷം കോ

ട്ടയത്ത് സ്ഥിരതാമസമാക്കി വർഷങ്ങളേറെ കഴിഞ്ഞ് കോട്ടയത്ത് നിന്ന് ഒരു തീർത്ഥയാത്ര പോയപ്പോൾ കന്യാകുമാരിയിൽ വച്ച് ഒരു ബസ് കണ്ടക്ടർ അമ്മയെ വർഷങ്ങൾക്ക് ശേഷവും തിരിച്ചറിഞ്ഞു. അമ്മ പട്ടത്തും. പള്ളിയാടിയിലും ടീച്ചറായി ജോലിചെയ്തിരുന്നു. അക്കാലത്ത് പഠിപ്പിച്ചിരുന്ന ഒരു കുട്ടിയായിരുന്നു അത്. അദ്ധ്യാപകർക്ക് ലോകം മുഴുവൻ ബന്ധുക്കളുണ്ട് എന്ന് അമ്മ പറയാറുണ്ട്.

പ്രധാനാദ്ധ്യാപികയാകാൻ പലപ്പോഴും അവസരം ലഭിച്ചെങ്കിലും ഞങ്ങൾ മൂന്ന് പെൺകുട്ടികൾക്ക് വേണ്ടി അത് വേണ്ടെന്നെഴുതി കയ്യൊപ്പ് ചെയ്തയച്ച് അമ്മ ചെയ്ത ത്യാഗം ഇന്ന് മനസ്സിലാക്കാനാവുന്നു. കുട്ടിക്കാലത്ത് അമ്മയെ ഭയബഹുമാനത്തോടെയും വളർന്നപ്പോൾ സ്നേഹത്തോടെ പോലെയും അനുഭവപ്പെട്ടിരുന്നു. അമ്മ ഞങ്ങളെ സ്നേഹിച്ചത് പോലെ മറ്റാരും ഞങ്ങളെ സ്നേഹിച്ചിട്ടില്ല.

ഗവണ്മെന്റ് അദ്ധ്യാപികയുടെ പരിമിതമായ വേതനത്തിൽ നിന്നും എത്രയെത്ര പുസ്തകങ്ങളാണ് അമ്മ വാങ്ങിത്തന്നിരിക്കുന്നത്. എഴുതാൻ സാധിക്കുന്ന ഓരോ വാക്കിലും അമ്മയുടെ സ്നേഹസ്പർശങ്ങളുണ്ട്. തവണകളായി പണമടച്ച് അമ്മ വാങ്ങിയ വിശ്വവിഞ്ജാനകോശങ്ങൾ സൂക്ഷിക്കാനാവാത്തതിൽ ഇന്ന് അതിയായ നിരാശയുണ്ട്. പലപ്പോഴും 'എഴുത്തിനോടിഷ്ടമുള്ള ആളല്ലേ നീയിത് കൊണ്ട് പൊയ്ക്കോ' എന്ന് പലപ്പോഴും പറഞ്ഞെങ്കിലും വലിയ പുസ്തകങ്ങളായതിനാൽ നഗരവീട്ടിലേക്ക് കൊണ്ട് വരാനായില്ല. ഒരു മഴക്കാലം ആ പുസ്തകങ്ങളെയൊക്കെ നഷ്ടമാക്കി.

ഓ എൻ വി സാറിന്റെ 'അക്ഷരങ്ങൾ' അമ്മ തന്ന പുസ്തകമായിരുന്നു. നാല് ദശാബ്ദങ്ങളോളം അമ്മ സൂക്ഷിച്ച ആ പുസ്തകത്തിൽ, ഓ എൻ വി സാറിനെ കാണാൻ ഭാഗ്യം ലഭിച്ചപ്പോൾ സാറിന്റെ കൈയ്യൊപ്പ് വാങ്ങി ഇന്നും ഭദ്രമായി ഞാൻ സൂക്ഷിക്കുന്നുണ്ട്.

അമ്മയെ എഴുതുക എന്നത് പ്രപഞ്ചത്തെ അറിയുക എന്ന പോലെ ശ്രമകരമാണ്. ഗൂഢവും, അതിഗൂഢവുമായ ആത്മാംശത്തിന്റെ ഇനിയും പൂർണ്ണമായും മനസ്സിലാക്കാനാകാത്ത സ്നേഹത്തിന്റെ മഹാപ്രവാഹത്തെ എങ്ങനെ വാക്കുകളിലെഴുതി ചുരുക്കാനാകും

ആർദ്രമേതോ വിളിക്കുപിന്നിലായ് പാട്ടുമൂളി ഞാൻ പോകവേ,നിങ്ങൾ കേട്ടുനിന്നുവോ! തോഴരേ, നന്ദി,നന്ദി

എന്ന് സുഗതകുമാരി ടീച്ചർ പറഞ്ഞ പോലെ, ഒരു കണ്ണീർക്കണം മറ്റുള്ളവർക്കായി ഞാൻ പൊഴിക്കവേ ഉദിക്കയാണെന്നാത്മാവിലായിരം സൗരമണ്ഡലം എന്ന് മഹാകവി അക്കിത്തം പാടിയത് പോലെ അമ്മയെ ഓർമ്മിക്കുമ്പോൾ നന്ദിയുടെ ആയിരമായിരം സൂര്യന്മാർ ഹൃദയത്തിൽ പ്രകാശമേകുന്നു.

അമ്മയും ഞാനും ഒരൊറ്റ ശ്വാസത്തിന്റെ
മന്ത്രസ്വരം അതേ, പ്രാണന്റെ സ്പന്ദനം
അമ്മയും ഞാനും ഒരേ, വേനൽ, തീയിനാൽ
പൊള്ളിപ്പിളർന്നവർ, വീണ്ടും തളിർത്തവർ..
അമ്മയും ഞാനും ഒരേ ശ്രുതി, പൊട്ടിയ-
തന്ത്രികൾ മീട്ടി ചിരിക്കാൻ ശ്രമിച്ചവർ
അമ്മയും ഞാനും ഒരേ വസന്തത്തിന്റെ
ചില്ലയിൽ പാടാനിരുന്നോരു പക്ഷികൾ
അമ്മയും ഞാനും ഒരേ മേഘവാതിലിൽ
മിന്നാമിനുങ്ങും തെളിച്ച് നടന്നവർ...
അമ്മയും ഞാനും ഒരേ ഭൂമിയെങ്കിലും
രണ്ട് ഭൂഖണ്ഡങ്ങളായി പിരിഞ്ഞവർ
രണ്ടായ് പിരിഞ്ഞെങ്കിലും വേരിനുള്ളിലായ്
മണ്ണിന്റെയക്ഷരപ്പച്ച സൂക്ഷിപ്പവർ

199ലെ ശീതകാലത്തിൽ ഡിസംബറിന്റെ അവസാനം പുതുവൽസരത്തിന്റെ തലേന്ന് ,ധനുമാസതിരുവാതിരനാളിൽ അമ്മ ഈ ലോകത്തിലെ വീടുപേക്ഷിച്ച് യാത്രയായി. അമ്മയുടെ ഹൃദയം ഞങ്ങളിലൂടെ സ്പന്ദിക്കുന്നു.. ആ സ്പന്ദനങ്ങൾക്ക് നീർച്ചോലകളുടെ കുളിരും, മഹാപ്രവാഹങ്ങളുടെ അപരിമേയമായ ആകർഷണീയതയും, ഔന്നത്യവുമുണ്ട്.. ഹൃദയത്തിനേ ഹൃദയത്തിന്റെ ഭാഷ മനസ്സിലാക്കാനാവൂ. അമ്മയുടേത് എപ്പോഴും ഹൃദയഭാഷയാകുന്നു.. മഹാധമിനിയിലും, ചെറുലോഹിനികളിലും ഇന്നും അമ്മയുടെ സ്നേഹസ്പന്ദനം...

# ഉമ്മയോളം വലുത് ഉമ്മ മാത്രം



ഹാജറ കെ.എം.

ഞാൻ കണ്ടതിൽ വച്ച് ഏറ്റവും ധീരയായ വനിത എന്റെ ഉമ്മയാണ്... ഒരു പക്ഷേ എന്റെ റോൾ മേഹഡലും... ജീവിതം എനിക്ക് സമ്മാനിച്ചത് ഒട്ടേറെ ദു:ഖങ്ങൾ തന്നെയാണ്... അത്രയും അസഹനീയമായ അവസ്ഥയിൽ എത്ര കണ്ണീരൊഴുക്കിയിട്ടും പരിഹരിഹരിക്കാൻ കഴിയാത്ത ചില ഘട്ടങ്ങളിൽ ആത്മഹത്യയെക്കുറിച്ച് ചിന്തിക്കുമ്പോൾ എന്റെ ഉമ്മാന്റെ മുഖമാണ് മനസിലേക്ക് ഓടി വരിക... ഇതിലും വലിയതല്ലേ ഉമ്മ നേരിട്ടത്, എന്നിട്ടും ഞങ്ങൾക്കു വേണ്ടി ഉമ്മ എല്ലാം സഹിച്ചു ജീവിക്കുന്നില്ലേ, പിന്നെ ഞാനെന്തിന് ഉമ്മയെ വേദനിപ്പിക്കണം എന്ന ചിന്തയിൽ നിന്നാണ് എന്റെ ഓരോ മന പ്രയാസങ്ങളും ഞാൻ വലിച്ചെറിയാറുള്ളത്... സാമ്പത്തികമില്ലായ്മയെക്കാൾ സമൂഹത്തിലെ ഒറ്റപ്പെടുത്തലായിരുന്നു ഉമ്മ നേരിട്ട ഏറ്റവും വലിയ വെല്ലുവിളി...ബുദ്ധിമാന്ദ്യമുള്ള മക്കളെ സ്വന്തം ചിറകിനടിയിൽ ചേർത്തുവച്ച് ഊണും ഉറക്കവും മറന്ന് വളർത്തി വലുതാക്കി സമൂഹത്തിന് മാതൃകയായ ഒരുമ്മയുടെടെ മോളാണ് ഞാൻ എന്നതാണ് ഏറ്റവും വലിയ അഭിമാനം... എന്റെ മൂത്ത സഹോദരിക്ക് ബ്രെയിൻ ട്യൂമർ വന്നപ്പോൾ ഉമ്മാന്റെ സ്വത്തു വിറ്റ് ചികിത്സ തുടങ്ങിയപ്പോൾ ചിലരെല്ലാം ഉമ്മാനോട് ചോദിച്ചിട്ടുണ്ട് ആ ബുദ്ധിയില്ലാത്ത കുട്ടിക്ക് വേണ്ടി ഉള്ളതെല്ലാം

നശിപ്പിക്കണോ മക്കൾ വേറെയുമില്ലേ എന്ന്.. എന്റെ കൈയ്യിലുള്ളതെല്ലാം വിറ്റു പെറുക്കിയിട്ടാണെങ്കിലും എന്റെ മോളുടെ ഒരു ശ്വാസത്തിനു വേണ്ടി വരെ ഞാൻ ചികിത്സിക്കും എന്ന ചങ്കുറപ്പായിരുന്നു എന്റെ ഉമ്മ...

.. ജീവിതത്തോട് പൊരുതി ജയിച്ച് ഞങ്ങൾ മക്കളെയെല്ലാം സുരക്ഷിതമായൊരിടത്ത് എത്തിക്കുവാൻ ഉമ്മയ്ക്ക് കഴിഞ്ഞിട്ടുണ്ട്

ഇന്നും വീട്ടിൽ നിന്നിറങ്ങുമ്പോൾ ഉമ്മാന്റെ ഓർമപ്പെടുത്തലും കരുതലുമാണ് എന്റെ ജീവിതയാത്രകളുടെ വിജയം... ഇനിയും ഒരുപാടൊരുപാട് കാലം സ്നേഹനിധിയായ എന്റെ ഉമ്മയോടൊപ്പം ജീവിക്കാൻ ദൈവം അനുഗ്രഹിക്കട്ടെ എന്ന പ്രാർത്ഥനയോടെ......

# ശരശയ്യാശയനം



സി.ജി.അശോകൻ



തന്നെ കാണാൻ വരുന്നവരെ തിരിച്ചറിഞ്ഞ് കണ്ണിൽ വെള്ളം നിറഞ്ഞൊഴുകികൊണ്ട് ഒരേ ദിശയിലേക്ക് നോക്കി കിടക്കുന്ന അമ്മയെ നോക്കി നിൽക്കാൻ കഴിയില്ല. അതുകൊണ്ടുതന്നെ വേഗം മുറിയിൽ നിന്നും പുറത്ത് കടക്കും.എനിക്കറിയാം.. അമ്മയുടെ മുഖഭാവം കൊണ്ട് തന്നെ അറിയാം.. എന്നെ അമ്മ തിരിച്ചറിയുന്നുണ്ട്.. എന്നെ മാത്രമല്ല തന്നെ കാണാൻ വരുന്ന മിക്കവരെയും അമ്മയ്ക്ക് മനസ്സിലാക്കാൻ കഴിയും എന്നിട്ടും...

അമ്മയെ കണ്ടു മുറിയിൽ നിന്നും പുറത്തിറങ്ങുമ്പോൾ കൃഷ്ണേട്ടൻ പറഞ്ഞു,

'ദൈവം എന്തിനാ അമ്മേടത്തീനെ ഇങ്ങനെ കെട്ത്തിരീക്കുന്നത്..

ഭഗവാനേ.. ഇങ്ങനെയൊക്കെ കിടക്കാൻ മാത്രം ഒരു തെറ്റും ആ പാവം ചെയ്തിട്ടില്ലല്ലോ..

എല്ലാവർക്കും നന്മ മാത്രം ചെയ്തിരുന്ന നാട്ടിലെ എല്ലാവരുടെയും അമ്മയായിരുന്നു.. വർഷം രണ്ടു കഴിഞ്ഞു.എന്തൊരു കിടപ്പാ കിടപ്പ്...'

വളരെ ചെറുപ്പത്തിലെ വിവാഹം കഴിഞ്ഞ കാരണം അമ്മയ്ക്ക് സ്കൂൾ വിദ്യാഭ്യാസത്തിന് കഴിഞ്ഞില്ല. ചെറുപ്പത്തിലെ അമ്മയുടെ അച്ഛനും അമ്മയും നഷ്ടപ്പെട്ടു .എടുത്തു വളർത്തിയ ബന്ധുവീട്ടിൽ ആയിരുന്നു ബാല്യ – കൗമാരങ്ങൾ കഴിഞ്ഞത്.അവരുടെ കുട്ടികളെ നോക്കലും വീട്ടു പണിയും കാരണം സ്കൂൾ പഠിപ്പ് മാത്രം നടന്നില്ല. ആരും പറയാനും ഉണ്ടായിരുന്നില്ല.ആ വീട്ടിലെ ആളുകളാണ് വെറും പതിനഞ്ചാമത്തെ വയസ്സിൽ അമ്മയെ വിവാഹം കഴിച്ചു പറഞ്ഞയച്ചത്.

ചെറുപ്പത്തിലെ എനിക്ക് വളരെ അത്ഭുതം തോന്നിയിട്ടുണ്ട്. അച്ഛൻ ഒരിക്കലും അമ്മയെ പേരു വിളിക്കുന്നത് കേട്ടിട്ടില്ല.ഒരിക്കൽ പോലും അവർ പരസ്പരം വഴക്കടിക്കുന്നത് കണ്ടിട്ടില്ല.. 15–ാം വയസ്സിൽ പേരുകേട്ട ഒരു തറവാട്ടിലെ നാല്പതോളം പേരുള്ള വീട്ടിലേക്ക് താലികെട്ടി വരുമ്പോൾ ഒന്നും ഏതും അറിയാത്ത നാടൻ പെൺകുട്ടിയായിരുന്നു.

അമ്മ പറഞ്ഞത് കേട്ടിട്ടുണ്ട്..മൂത്തവർക്ക് വച്ചു വിളമ്പി കഴിഞ്ഞ് പിന്നീട് പാത്രം കാലിയാകുമ്പോൾ രാത്രി നെല്ല് വറുത്തു കുത്തി ചോറ് വെച്ച് കഴിക്കേണ്ട അവസ്ഥകളും..

നാടിനെ നടുക്കിയിരുന്ന ക്ഷാമകാലത്ത് അച്ഛനും ഞങ്ങൾക്കും ചോറ് തന്ന് കഞ്ഞിവെള്ളം ഊറ്റി കുടിച്ച് വയറുനിറച്ച കാലഘട്ടം.

അച്ഛന് വെറും നാലാം ക്ലാസ് മാത്രം പഠി

പ്പ്.വിവാഹം കഴിക്കുമ്പോൾ അച്ഛനും പ്രത്യേകിച്ച് ജോലിയൊന്നും ഉണ്ടായിരുന്നില്ല.. കൃഷിപ്പണി.അച്ഛൻ കറയറ്റ സഖാവ് ആയതുകൊണ്ട് നല്ല വായനക്കാരനായിരുന്നു.പാർട്ടി പത്രം മാത്രമല്ല എല്ലാ പത്രങ്ങളും അച്ഛൻ വായിക്കും. അച്ഛന്റെ കൂടെ കൂടിയതിൽ പിന്നെ അമ്മയ്ക്കും സ്കൂളിൽ പോയില്ലെങ്കിലും അറിവുണ്ടാവണം.. പഠിക്കണം എന്ന് ചിന്ത കൂടെ കൂടി.

ഞാൻ മൂന്നാം ക്ലാസിൽ പഠിക്കുമ്പോൾ അടുത്തുള്ള വായനശാലയിലേക്ക് എന്റെ കൈ പിടിച്ചു കൊണ്ടുപോയി മെമ്പർഷിപ്പ് എടുപ്പിച്ച് വായനയുടെ ലോകത്തിലേക്ക് കടത്തിവിട്ടതാണ് എന്റെ അച്ഛൻ.

സ്കൂളിൽ പോയില്ലെങ്കിലും ഒരുപാട് കേട്ടറിവിന്റെ വെളിച്ചത്തിൽ പുരാണങ്ങളിലൊക്കെ അമ്മയ്ക്ക് നല്ല അറിവുണ്ടായിരുന്നു. അതൊക്കെ അമ്മ രാത്രി ഉറങ്ങാൻ കിടക്കുമ്പോൾ ഞങ്ങൾക്ക് പറഞ്ഞു തരും.ശരിക്കും പറഞ്ഞാൽ രാമായണവും മഹാഭാരതവും വടക്കൻ പാട്ടുകളിലെ കഥകളും ഇന്നും മനസ്സിൽ നിറഞ്ഞു നിൽക്കുന്നത് ഞാൻ വായിച്ചിട്ടില്ല.. ചെറുപ്പത്തിൽ അമ്മ പറഞ്ഞു തന്നിട്ടുള്ള കേട്ടറിവിന്റെ ഓർമ്മയിലാണ്..

നായനാർ സർക്കാരിന്റെ കാലത്തെ സാക്ഷരതാ യജ്ഞത്തിൽ പങ്കാളികളായി വായിക്കാനും എഴുതാനും പിന്നീട് അമ്മ പഠിക്കയുണ്ടായി.വീട്ടിൽ വരുത്തുന്ന പത്രമാസികകൾ പണിയൊഴിഞ്ഞ നേരം ഏതെങ്കിലും മൂലയിൽ കൊണ്ടിരുന്നു ഉറക്കെ വായിക്കുന്ന ശീലം ഉണ്ടായിരുന്നു.

എഴുപതുകളിലെ ആദ്യപാദങ്ങളിലാണ് ഞാൻ എസ്എസ്എൽസി പാസ്സാകുന്നത്. അന്ന് ഞങ്ങളുടെ നാട്ടിൽ

ആൺ - പെൺ വ്യത്യാസം ഇല്ലാതെ 16 വയസ്സു കഴിഞ്ഞാൽ പൈസ കെട്ടി വൈരക്കൽ പഠിപ്പിക്കാൻ പറഞ്ഞയക്കുന്നതാണ് ഇടത്തരക്കാരുടെ ഒരു രീതി .500 രൂപ കെട്ടിവെച്ച് മൂന്നുമാസം കൊണ്ട് പണി പഠിച്ച് നാലാം മാസം മുതൽ 500 രൂപയ്ക്ക് പണിത് വീട്ടിൽ പൈസ ലഭിക്കും.കുറച്ചുനാൾ കഴിഞ്ഞാൽ ആൺകുട്ടികൾ ആണെങ്കിൽ അവനെ ബോംബയ്ക്ക് വണ്ടി കേറ്റി വിടും. ബോംബെയിൽ എത്തിയാൽ ഇതിന്റെ ഇരട്ടി ശമ്പളം കിട്ടും.

എന്റെ അച്ഛനും ഈ പ്രലോഭനത്തിൽ അകപ്പെട്ടു . എവിടുന്നോ 500 രൂപ സ്വരൂപിച്ച് പുള്ളിക്കാരൻ ഒരു വൈരക്കൽ വ്യവസായിയുടെ അടുക്കൽ കൊണ്ടുപോയി ഡെപ്പോസിറ്റ് നൽകി എന്നെ പണി പഠിപ്പിക്കാനായി ചേർത്തു.എനിക്കാണെങ്കിൽ ഒട്ടും താല്പര്യം ഇല്ലായിരുന്നു .എന്റെയൊപ്പം എസ് എസ് എൽ സി പാസ്സായ മറ്റ് സതീർത്ഥർ കോളേജിൽ അപേക്ഷ കൊടുത്ത് കാത്തിരിക്കുകയായിരുന്നു .ഞാനും കേരളവർമ്മയിൽ അപേക്ഷ സമർപ്പിച്ചിരുന്നു. അങ്ങനെ എനിക്ക് അവിടെ ചേരാനുള്ള അറിയിപ്പ് വന്നു. അന്ന് അഡ്മിഷൻ ഫീസ് ആയി 85 രൂപ അടയ്ക്കണം. അച്ഛൻ ഒരുവിധത്തിലും സമ്മതിക്കുന്നില്ല .ജോലിക്കായി കെട്ടിവെച്ച സംഖ്യ മടക്കി കിട്ടില്ലത്രേ ..(500 രൂപ അന്ന് ഒരു സെന്റ് സ്ഥലത്തിന്റെ പൈസയാണ് )അതുകൊണ്ട് കോളേജിൽ ചേരണ്ട എന്ന് അച്ഛൻ തീരുമാനമെടുത്തു.

ഞാൻ കരഞ്ഞു വാശിപിടിച്ചപ്പോൾ അമ്മ അടുത്തു വന്നു കെട്ടുതാലി ഊരിയെടുത്ത് പറഞ്ഞു.. അവനെ പഠിപ്പിക്കാനായി ഇത് പണയം വയ്ക്കുകയോ വിൽക്കുകയോ ചെയ്തോളൂ. എന്തായാലും അവനെ കോളേജിൽ ചേർക്കണം. കോളേജിലയക്കുക തന്നെ വേണം ...

ഒരു നിമിഷം അമ്മയെ നോക്കി അച്ഛൻ ചെയിൻ വാങ്ങി പുറത്തിറങ്ങി.. കുറച്ചു കഴിഞ്ഞു കാശുമായി തിരിച്ചു വന്നു.

അങ്ങനെയാണ് ഞാൻ കേരളവർമ്മ കോളേജിൽ പ്രീഡിഗ്രിക്ക് ചേർന്ന് പഠിക്കുന്നത്. അമ്മയുടെ പിന്തുണ പഠനത്തിന്റെ എല്ലാ ദിശയിലും ഉണ്ടായിരുന്നു. പ്രതിമാസം ഫീസ് മുടങ്ങുന്ന സമയങ്ങളിലെല്ലാം കൊയ്തു കൂട്ടി വീട്ടിനകത്ത് സൂക്ഷിച്ചിരിക്കുന്ന നെല്ല് രഹസ്യമായി ചാക്കിൽ നിറച്ച് ഉണ്ണിമോന്റെ തലയിലേറ്റി കൊണ്ടുപോയി വിറ്റിട്ടും പൈസ സംഘടിപ്പിച്ചു തന്നിരുന്നു...അങ്ങനെ അമ്മയുടെ സജീവമായ പിന്തുണയോടെ ഡിഗ്രി കരസ്ഥമാക്കി.

പിന്നീട് ഞാൻ പി എസ് സി മുഖേന സർക്കാർ സർവ്വീസിൽ ജോലിക്ക് കയറി. തൃശൂർ കളക്ടറേറ്റിൽ നിന്ന് സീനിയർ സൂപ്രണ്ട് തസ്തികയിൽ നിന്ന് വിരമിച്ചു. അന്നവിടെ നടന്ന യാത്രയയപ്പ് വേളയിൽ അച്ഛനെയും അമ്മയെയും എന്റെ അപ്പുറത്തും ഇപ്പുറത്തും ഇരുത്തി ഞാൻ എന്റെ കോളെജ് പഠനാനുഭവങ്ങൾ അവിടെ പറഞ്ഞപ്പോൾ അമ്മയുടെ കണ്ണിൽ നിന്ന് പൊഴിഞ്ഞ കണ്ണീർ അവിടെ കൂടിയിരുന്ന സദസ്സിലും പടർത്തി.

പലരും എന്നോട് പറഞ്ഞു സാർ ഞങ്ങളെ കരയിപ്പിച്ചു കളഞ്ഞു.

എന്റെ പ്രഥമ കവിതാ സമാഹാരം സാഹിത്യ അക്കാദമിയിൽ വച്ച് പുറത്തിറക്കിയ

പ്പോൾ

ആ വേദിയിലിരുത്തി സമാഹാരം സമർപ്പിച്ചതും എന്റെ പ്രിയപ്പെട്ട അമ്മയ്ക്കും അച്ഛനും ആയിരുന്നു.

.....................

കഴിഞ്ഞ ദിവസം അമ്മയുടെ ദീനക്കിടക്കരികിലേക്ക് അവിചാരിതമായി ഒരു അതിഥി വന്നെത്തി.അപ്രതീക്ഷിതമായി കാറിൽ വന്നിറങ്ങിയ യുവാവിനെയും യുവതിയെയും മനസ്സിലാകാതെ ഞങ്ങൾ നോക്കി നിന്നു.അസുഖം മൂലം ദീർഘനാളായി കിടപ്പിലായ അമ്മയെ കാണാൻ ഒരുപാട് പേർ വന്നു പോയും ഇരുന്നിരുന്നു ..അതൊക്കെ ദേശത്തെ പരിചയത്തിലുള്ള നാട്ടുകാരോ ബന്ധുക്കളൊ ഒക്കെ ആയിരുന്നു ഇത് പക്ഷേ....?

ഗേറ്റ് കടന്നു നേരെ കയറി വന്ന അവർ
ചിരപരിചിതരെ പോലെ

‘അമ്മ എവിടെയാണ് കിടക്കുന്നത് ‘ എന്ന് ചോദിച്ചു.

ഉമ്മറത്തു നിന്ന അനുജൻ അവരെ അമ്മ കിടക്കുന്ന മുറിക്കകത്തേക്ക് വഴികാട്ടി...

ജീവച്ഛവം പോലെ കണ്ണടച്ച് കിടക്കുന്ന അമ്മയുടെ കട്ടിലിനരികെ നിന്ന് യുവാവ് അമ്മയെ കൂടെ നിന്ന് യുവതിക്ക് പരിചയപ്പെടുത്തി.

‘ഇതാണ് ഞാൻ എന്നും നിന്നോട് പറയാറുള്ള അമ്മുവേടത്തി..‘

അവർ രണ്ടുപേരും കൈകൂപ്പി നിന്നു.

സാവധാനം അമ്മ കണ്ണുതുറന്നു സൂക്ഷിച്ചു നോക്കി. അവരെ മനസ്സിലാക്കിയ ലക്ഷണം ഒന്നും അമ്മയുടെ മുഖത്ത് കണ്ടില്ല..

യുവാവ് പറഞ്ഞു..

‘ ഞാൻ നിങ്ങളുടെ അയൽവാസിയായിരുന്ന കുഞ്ഞാമേട്ടന്റെ മകനാണ്. എന്റെ ചെറുപ്പത്തിലെ ഞങ്ങൾ സ്ഥലം വിറ്റു പോയതാണ്.‘

പെട്ടെന്ന് എല്ലാവർക്കും മനസ്സിലായി.. കുഞ്ഞാമേട്ടന്റെ മകൻ മണിക്കുട്ടി എന്ന് വിളിക്കുന്ന രാജേഷ് ..

ഇവിടുന്ന് അവർ പോയത് വടക്കേഞ്ചേരിയിലേക്ക് ആയിരുന്നല്ലോ.

ചിത്തപ്പൻ അമ്മയോട് കുനിഞ്ഞുനിന്ന് പറഞ്ഞു ‘അമ്മേ..

ഓർമ്മയില്ലേ നമ്മുടെ കുഞ്ഞാമേട്ടന്റെ മകൻ

മണിക്കുട്ടി ..‘

നിശ്ചലമായിരുന്ന അമ്മയുടെ കണ്ണുകൾ അറിവിന്റെ നക്ഷത്രത്തിളക്കത്താൽ
ഈറനണിഞ്ഞു.

അമ്മ അറിയാതിരിക്കുമോ ..?

അമ്മയില്ലാതിരുന്നെങ്കിൽ കിണറിന്റെ അഗാധതയിൽ മുങ്ങി താഴുമായായിരുന്ന ആ ഒന്നര വയസുകാരനെ രക്ഷിക്കാൻ കാണിച്ച പ്രതിബദ്ധത ..പനിപിടിച്ചു കിടന്നിരുന്ന സ്വന്തം മകനെ നിർബന്ധിച്ചു കിണറ്റിലേക്ക് എടുത്തു ചാടിച്ചു കൊണ്ട് മുങ്ങിത്താഴ്ന്നു കൊണ്ടിരുന്ന ആ ബാലനെ രക്ഷപ്പെടുത്തി...

അന്ന് കടുത്ത പനിച്ച്ബാധിച്ച് ലീവെടുത്ത് ഞാൻ വീട്ടിൽ വിശ്രമത്തിലായിരുന്നു.

മരുന്നു കഴിച്ചു പാതിമയക്കത്തിൽ കിടക്കുന്ന സമയത്താണ് അടുത്ത വീട്ടിൽ നിന്ന് നിലവിളി കേട്ടത്..ഗീത ഓടിവന്നു പറഞ്ഞു

‘ദേ അമ്മ വിളിക്കുന്നു ഓടിച്ചെല്ല്.‘

ഞാൻ ഇറങ്ങി

ഒരു വിധത്തിൽ ഓടിച്ചെല്ലുമ്പോൾ അടുത്ത വീടിന്റെ മറയില്ലാത്ത കിണറ്റിലേക്ക് എത്തിച്ചു നോക്കി കുറച്ചുപേർ നിൽക്കുന്നു അവിടുത്തെ ചേച്ചി ഉറക്കെ കരയുന്നു..

അമ്മ അലറി പറഞ്ഞു

‘ഡാ ആ മണിക്കുട്ടി കിണറ്റിൽ വീണു...നോക്കിനിൽക്കാണ്ട് ..ചാടടാ ‘

ഞാൻ മറ്റൊന്നും നോക്കിയില്ല കിണറ്റിലേക്ക് എടുത്ത് ചാടി ആഴങ്ങളിലേക്ക് പോകുമ്പോൾ എവിടെയോ മണിക്കുട്ടി എന്റെ കയ്യിൽ തടഞ്ഞു.

അപ്പോഴേക്കും മുകളിൽ നിന്നും അമ്മ
കയറിട്ടു തന്നിരുന്നു.

പലരുടെയും സഹായത്തോടുകൂടി കിണറ്റിൽ നിന്ന് മണിക്കുട്ടിയേയും കൊണ്ട് പുറത്തേക്ക് കയറി..

കുറെ വെള്ളം ഛർദ്ദിച്ചതൊഴിച്ച് മണിക്കുട്ടിക്ക് വേറെ കുഴപ്പമൊന്നും ഉണ്ടായില്ല..

ഞാൻ ചാടി കുട്ടിയെ രക്ഷിച്ചതിനേക്കാൾ എല്ലാവരും അന്ന് പുകഴ്ത്തിയത് അമ്മയുടെ സമയോചിതമായ ഇടപെടൽ മൂലം
ഒരു ജീവൻ രക്ഷപ്പെട്ടതായിരുന്നു..

അമ്മേ. അമ്മ രക്ഷപ്പെടുത്തിയ
അന്നത്തെ മണിക്കുട്ടിയാണ്
ഈ ഞാൻ....

രാജേഷ് അമ്മയുടെ കൈ പിടിച്ച് ഉമ്മ വച്ചു.. കൂടെ വന്ന ഭാര്യയോട് അവൻ പറഞ്ഞു.

‘നോക്കൂ ...

അമ്മുവേടത്തി എന്നെ തിരിച്ചറിഞ്ഞു..‘

അവന്റെ കണ്ണുകൾ നിറഞ്ഞൊഴുകി..ചുറ്റും കൂടി നിന്നവരുടെ കണ്ണുകളും ഈറനണിഞ്ഞു.

●

# അമ്മ

# വാത്സല്യത്തിന്റെ മഹാനദി



കപിൽദേവ്



**അ**മ്മയെക്കുറിച്ച് എഴുതുക ഏറെ പ്രയാസമുള്ള ഒന്നാണ് എന്ന് എഴുതുമ്പോൾ മാത്രമാണ് മനസിലായത്. ജീവന്റെ ഒരോ തരിമ്പിലും അമ്മയുടെ സ്പർശം ഉണ്ട് , അതു കൊണ്ടു തന്നെ എവിടെ നിന്നാണ് എഴുതി തുടങ്ങേണ്ടത് എന്ന ഒരു ചിന്ത ഉള്ളിൽ തിളച്ചു കൊണ്ടേയിരിക്കും.

അമ്മ വെറുതേയിരിക്കുന്നത് കാണാൻ പ്രയാസമാണ് എപ്പോഴും എന്തെങ്കിലും ചെയ്തു കൊണ്ടിരിക്കണം. ചിലപ്പോൾ അടുക്കി പ്പെറുക്കലുകളാവും, ചിലപ്പോൾ പറമ്പിലെന്തെങ്കിലും ചില്ലറപ്പണികളാവാം. അതുമല്ലങ്കിൽ ഏതെങ്കിലും പുസ്തകവുമായുള്ള സൗഹൃദ സംഭാഷണമാവാം. അധികം പഠിക്കാത്ത ആളായതുകൊണ്ട് ആവർത്തിച്ച് ആവർത്തിച്ച് വായിച്ചാണ് അമ്മ കാര്യങ്ങൾ, കഥയായാലും കവിത യായാലും മനസിലാക്കുന്നത്.

പുതിയ സ്ഥലത്ത് താമസമായതിനു ശേഷം രണ്ടോ മൂന്നോ ദിവസത്തിന്റെ ഇടവേള കളിൽ അമ്മ പഴയ വീട്ടിലേക്ക് പോകും. അവിടെ ചില്ലറ പയ്യാരങ്ങളും വർത്തമാനങ്ങളുമൊക്കെ കഴിഞ്ഞ് വൈകുന്നേരമാകും അമ്മ വരി ക. വെറും കൈയോടെ ആവില്ല വരവ്. വീട്ടിൽ തപാൽ മാർഗ്ഗം വരുന്ന മാസികകളും വാരികകളും കത്തുകളും മറ്റും അമ്മയുടെ സഞ്ചിയിലുണ്ടാവും. അത് മറിച്ച് നോക്കുന്നതിനിടയിൽ എന്റെ കവിതയോ മറ്റോ ഉണ്ടങ്കിൽ വരവിന് ഒരു ഉന്മേഷക്കൂടുതലുണ്ടാവും.

അച്ഛനും അമ്മയും ചെറുപ്പത്തിലെ നഷ്ടപ്പെട്ട ഒരാളാണ് അമ്മ, ചേച്ചിയുടേയും അപ്രാമ്മ എന്നുവിളിക്കുന്ന അമ്മയുടെ കൂടെ യുമാണ് (അപ്രാമ്മ അമ്മയുടെ അച്ഛന്റെ മറ്റൊരു ഭാര്യയാണ്) അമ്മയുടെ ബാല്യവും കൗമാരവും. അതിന് ശേഷം ചേച്ചിയുടേയും ചിറ്റപ്പന്മാരുടെ വീടുകളിലുമായി കഴിയുന്നതി നിടയിലാണ് അച്ഛനെ കണ്ടുമുട്ടുന്നതും ഇഷ്ട ത്തിലാവുന്നതും വീട്ടുകാരുടെ സമ്മതമില്ലാതെ വിവാഹിതരാവുന്നതും.

അമ്മയും അച്ഛനും വളരെ കഷ്ടപ്പെട്ടാ ണ് ഞങ്ങളെ വളർത്തിയത് അതുകൊണ്ടു തന്നെ വീട്ടിലുള്ളവർക്ക് നന്മ വരുന്ന എന്തെങ്കിലും കാര്യങ്ങൾ മാത്രമേ അമ്മ പറയുകയും ചിന്തിക്കുകയുമുള്ളു.

കലഹിക്കുമ്പോൾ പോലും അമ്മയ്ക്ക് വാത്സല്യത്തിന്റെ ഛായയാണ്. അതുകൊണ്ടു തന്നെ അമ്മ വാത്സല്യത്തിന്റെ ഒരു മഹാനദിയായി ഞങ്ങൾക്കായൊഴുകുന്നു. അതിന്റെ തീരത്താണ് ഞങ്ങളുടെ ജീവിതവും സംസ്ക്കാരവും തളിർത്ത് വളരുന്നത്. അത് അങ്ങനെ തന്നെ ഇനിയും ഇനിയും കാലങ്ങളോളം ഒഴുകട്ടെ ..........

# ഒരു കഷണം പുട്ടിന്റെ ഓർമയിൽ





ബഷീർ മുളിവയൽ

**അ**മ്മയെക്കുറിച്ച് എഴുതാൻ പേനയെടുത്തപ്പോൾ ഓർമകളിലേക്ക് ആ 'ഒരു കഷണം പുട്ട്' പെട്ടെന്ന് തികട്ടി വരികയായിരുന്നു

ഉടനെ ഉമ്മയുടെ അടുത്ത് പോയി നെറ്റിയിൽ ഒരു സ്നേഹ ചുംബനം നൽകി എഴുതാനിരുന്നു

അന്ന് ഞങ്ങൾക്ക് ഞെരിക്കക്കാലമായിരുന്നു

ആറ് മക്കളും,ഉപ്പയും,ഉമ്മയുമടങ്ങുന്ന കുടുംബത്തെപ്പോറ്റാൻ കൂലിപ്പണിക്കാരനായ വാപ്പ നന്നായി കഷ്ടപ്പെടുന്ന കാലം

തേങ്ങ,വിറക് വീടുണ്ടാക്കുന്ന ചെങ്കല്ല്, മണൽ തുടങ്ങിയവയൊക്കെ തലച്ചുമടായി കൊണ്ട് പോകുന്ന പണിക്ക് ഉമ്മയും പോകുമായിരുന്നു.

കുറിക്കല്യാണവും, പവ്വക്കുറിയുമൊക്കെയായി ജീവിതത്തിന്റെ രണ്ടറ്റം കൂട്ടി മുട്ടിക്കാൻ പെടാപ്പാട് പെടുന്ന വാപ്പയെ സഹായിക്കാൻ ഉമ്മയുടെ ശ്രമം

ഞാൻ മൂന്നിലോ, നാലിലോ പഠി

ക്കുന്ന കാലമാണ് ഉമ്മ അയല്പക്കത്തെ ഒരു വീട്ടിൽ ചെങ്കല്ല് കൊണ്ടു പോകുന്ന പണിക്ക് പോയതായിരുന്നു അന്ന് പണിക്കാർക്ക് ചായ കൊടുക്കുന്ന കൂട്ടത്തിൽ ഉമ്മാക്ക് ചായയുടെ കൂടെ കൊടുത്തത് പുട്ടായിരുന്നു.

ഇന്നത്തെപ്പോലെ ഭക്ഷണം സുലഭമല്ലാത്തകാലമാണ്

കാലത്ത് പ്രാതലിനു സ്ഥിരമായി അവിലാ യിരുന്നു ഉണ്ടായിരുന്നത്.

ഞങ്ങളുടെ വീട്ടിൽ പുട്ട് ഉണ്ടാക്കുന്ന പാത്രം പോലും ഇല്ലായിരുന്നു ആ കാലത്ത്

ഞങ്ങൾക്കന്ന് പുട്ട് വിശേഷപ്പെട്ട വിഭവമായിരുന്നു.

എനിക്കാണെങ്കിൽ പുട്ട് തിന്നാൻ വലിയ ആഗ്രഹമുണ്ടെന്നു ഉമ്മാക്കറിയാം

ഇന്ന് പുട്ട് ചുടാമോ എന്ന് ഇടക്കിടെ ഞാൻ ഉമ്മയോട് ആവശ്യപ്പെടുമായിരുന്നു

ഉമ്മാക്ക് ചായയുടെ കൂടെ പുട്ട് കിട്ടിയപ്പോൾ

എന്റെ മുഖം ഓർമ വന്നുകാണും

പുട്ട് തിന്നണമെന്ന് കൊതിയോടെ ഞാൻ പറഞ്ഞത് ഓർത്തത് കൊണ്ടാകും ആ പുട്ട് കഴിക്കാൻ ഉമ്മയിലെ മാതൃത്വം അനുവദിച്ചില്ല

ആരും കാണാതെ ആ പുട്ട് കടലാസിൽ പൊതിഞ്ഞു വച്ചു ചായമാത്രം കുടിച്ചു.

കല്ല് തലയിൽ ചുമന്നു ക്ഷീണിക്കുമ്പോഴും തന്റെ പക്കലുള്ള പുട്ട് തിന്നാനവർക്ക് തോന്നിയില്ല.

പണി കഴിഞ്ഞു വീട്ടിൽ വന്നു

പൊതി അഴിച്ചു ആ പുട്ട് എനിക്ക് നേരെ നീട്ടി.

ആഹ്ലാദത്തോടെ ഞാനാപുട്ട് കഴിക്കുന്നത് നോക്കി നിന്നു

അപ്പോഴവരുടെ മനസ് നിറഞ്ഞിരിക്കാം

ആ കണ്ണുകൾ നിറഞ്ഞിരിക്കുന്നതു ഇപ്പോഴും എന്റെ ഓർമയിലുണ്ട്.

ഇങ്ങനെ എത്രയെത്ര ത്യാഗങ്ങൾ സഹിച്ചാണ് ഓരോ മക്കളെയും വളർത്തുന്നത്

എത്രയെത്ര ആഗ്രഹങ്ങളാണ് മക്കൾക്കു വേണ്ടി അവർ വേണ്ടെന്ന് വെക്കുന്നത്

അന്ന് അമ്മ എനിക്ക് കൊണ്ട് വന്ന പുട്ട് കഴിക്കുമ്പോൾ അതിൽ ചേർത്ത മാതൃത്വത്തിന്റെ മധുരം രുചിക്കാനായിട്ടില്ലെങ്കിലും

വളർന്നപ്പോൾ ആ വാത്സല്യം ഞാൻ മനസിലാക്കി ഒരു ജീവിതം കൊണ്ട് കൊടുത്തു വീട്ടാനാകാത്ത കടമായി

ആ ഒരു കഷണം പുട്ട് എന്റെ ഹൃദയത്തിന്റെ അലമാരയിൽ സ്നേഹത്തിന്റെ പട്ടിൽ പൊതിഞ്ഞു സൂക്ഷിച്ചു.

ഇന്ന് എന്റെ മക്കളോട് ഉമ്മയും, വാപ്പയും ഞങ്ങളെ വളർത്താൻ വേണ്ടി സഹിച്ച കഷ്ടപ്പാടുകൾ പറഞ്ഞു കൊടുക്കാറുണ്ട്

' അന്ന് അവനാ പുട്ട് കൊണ്ടകൊടുത്തത് ഇടങ്ങേറായി, അതവനെത്ര പ്രാവശ്യം അത് പറഞ്ഞു ' എന്ന് പറഞ്ഞുമ്മ കളിയാക്കുമെങ്കിലും അന്ന് ഞാനാ പുട്ട് തി ന്നുമ്പോൾ നോക്കി നിന്നത് പോലെ വാത്സല്ല്യവും കണ്ണീരും നിറഞ്ഞ നോട്ടം അപ്പോഴും എന്റെ നേരെ നോക്കുന്നുണ്ടാകും.

●

# അച്ഛനിന്നും കാത്തിരിക്കുകയാണ്...



**അജിത രാജൻ**



നഷ്ടപ്പെടുമ്പോഴാണല്ലോ ഏതൊന്നിന്റെയും മൂല്യം നമ്മൾ ശരിക്കുമറിയുക. എനിയ്ക്ക് അമ്മയെന്നാൽ എന്റെ ജീവനാഡിയായിരുന്നു. അച്ഛനമ്മമാരോടുത്തുള്ള കുട്ടിക്കാലം അത് തിരിച്ചുപിടിക്കാനാവില്ലല്ലോ! വാത്സല്യവും ത്യാഗവും കരുണയും കൊണ്ട് തണൽ വിരിക്കുന്ന തേന്മാവാണ് അമ്മ. ഒരിക്കലും മരിക്കാത്ത ഓർമ്മകളിലൂടെ സഞ്ചരിക്കുമ്പോഴെല്ലാം കുട്ടിക്കാലത്തിലേയ്ക്കൊരിക്കൽകൂടി തിരിച്ചു പോകാൻ അതിയായി മോഹിക്കാറുണ്ട്. മറ്റൊന്നിനുമല്ല അന്നത്തേക്കാൾ അമ്മയെ അറിയാനും സ്നേഹിക്കാനും ഇറുകെ കെട്ടിപ്പിടിച്ച് കുറെക്കൂടി ഉമ്മകൾ നൽകാനുമാണത്. അമ്മയുടെ സ്നേഹ നൊമ്പരങ്ങളും ഉൾത്തേങ്ങലുകളും പറയാതെ ഒളിപ്പിച്ചു വച്ച ആശകളും അന്നത്തേക്കാൾ ആഴത്തിൽ ഇന്നെനിക്കു മനസ്സിലാകുമല്ലോ.

ഞാൻ ജനിച്ചത് സാമാന്യം നല്ലൊരു കർഷക കുടുംബത്തിലായിരുന്നു. അതായത് എന്റെ അമ്മ മാധവി വന്നു കയറിയവീട്. എനിക്കോർമ്മവയ്ക്കുമ്പോൾ പടിപ്പുരയും കയ്യാലയും നടുമുറ്റമുള്ള തട്ടിട്ട രണ്ടുനിലവീടായിരുന്നു. പിന്നീടാണ് ടെറസ്സാക്കിയത്.

ഇങ്ങനെയൊരു കർഷക കുടുംബത്തിലേയ്ക്ക് അമ്മ എങ്ങനെ എത്തിപ്പെട്ടുവെന്ന് ഞാനമ്മയോട് ചോദിച്ചിട്ടുണ്ട്. ഇവിടെ കോവാത്ത് വീട്ടിൽ ധാരാളം പണമുണ്ടെന്നും നിധി കിട്ടിയിട്ടുണ്ടെന്നുമായിരുന്നുവത്രെ പുറമേയ്ക്ക് കേൾവി. എന്തായാലും അമ്മ പെട്ടു എന്നേ ഞാൻ പറയൂ. അമ്മയുടെ വീടായ മേനക്കത്ത് അധികം പേരും നല്ല ഉദ്യോഗസ്ഥരായിരുന്നു.

അമ്മയുടെ അച്ഛനും ചെറിയച്ഛൻമാരും ഗവ: ഉദ്യോഗസ്ഥർ. അമ്മയുടെ രണ്ടു സഹോദരന്മാരും ബോംബയിൽ ഉയർന്ന ഉദ്യോഗസ്ഥരും കസിൻ ബ്രദേഴ്സിൽ പഴയ തലമുറയും പുതിയ തലമുറയും ഡോക്ടേഴ്സുമാണ്. എന്നാൽ വളരെ ഗൗരവക്കാരനും മുൻകോപിയുമായ എന്റെ അച്ഛനുമൊത്തുള്ള ജീവിതംതന്നെ അമ്മയ്ക്ക് ചെറിയൊരു വെല്ലുവിളിയായിരുന്നു. തികഞ്ഞൊരു കർഷക കുടുംബമായ എന്റെ വീട്ടിൽ ഏതാണ്ടെല്ലാ ദിവസവും ആണുങ്ങളും പെണ്ണുങ്ങളുമായി 8-10 പണിക്കാർ ഉണ്ടാകും. അവർക്കെല്ലാം ഭക്ഷണമുണ്ടാക്കി പാടത്തും

പറമ്പിലും കൊണ്ടു കൊടുക്കണം അച്ഛാച്ഛനെ പൊന്നുപോലെ ശുശ്രൂഷിക്കണം. വികൃതികളായ ഞങ്ങൾ ആറ് മക്കളേയും സ്കൂളിലേക്കയക്കണം.

ഏറ്റവും സ്വാദിഷ്ടമായി ഭക്ഷണമുണ്ടാക്കുമായിരുന്ന അമ്മ നല്ലൊരു ആതിഥേയ യായിരുന്നു.അന്നൊക്കെ അമ്മയില്ലാത്ത ഓരോ ദിവസവും വീടും ഞങ്ങളുടെ മനസ്സും ഇരുട്ടിലായിരുന്നു. അച്ഛനെ അമ്മയ്ക്കും ഞങ്ങൾ മക്കൾക്കും ഭയമായിരുന്നു. ഓരോ കൊച്ചു തെറ്റിനും മക്കളെ നിഷ്കരുണം ശിക്ഷിക്കുമായിരുന്നു അച്ഛൻ. (90 വയസ്സായ അച്ഛനിന്ന് ഒരു പാവം കുട്ടിയാണ് ) സ്നേഹനിധിയായ അമ്മയ്ക്ക് നിന്നുരുകുവാനെ കഴിയുമായിരുന്നുള്ളു.

നാലുമണിക്ക് എഴുന്നേറ്റ് ഒരു പരാതിയുമില്ലാതെ എല്ലാ ജോലികളും ഓടിനടന്നു ചെയ്യുന്ന അമ്മ ഒരേഒരു കാര്യത്തിൽ മാത്രമാണ് അച്ഛന്റെ ഇഷ്ടത്തെ മറികടന്നിട്ടുള്ളത്. അത് മറ്റൊന്നുമായിരുന്നില്ല, പുസ്തകങ്ങൾ വായിക്കാതിരിക്കാൻ അമ്മയ്ക്കാവില്ലായിരുന്നു. വിഷമതകളുടെയും അസ്വസ്ഥതകളുടെയും കയറ്റിറക്കങ്ങൾക്കിടയിലും വായന പോലുള്ള ചില ഇഷ്ടങ്ങൾ അമ്മ നേടിയെടുത്തിരുന്നു. പൂരവും കാവടിയും കാണാൻ ഇഷ്ടമല്ലായിരുന്നെങ്കിലും സിനിമയും നാടകവും കഥാപ്രസംഗവും അമ്മയ്ക്കൊരുപാടിഷ്ടമായിരുന്നു. അച്ഛന്റെ പ്രകൃതവും വീട്ടിലെ സാഹചര്യങ്ങളുമനുസരിച്ച് ഇത്തരം വിനോദങ്ങൾക്ക് ആ വീട്ടിൽ അവസരം നേടിയെടുക്കുക എന്നത് ദുഷ്കരം തന്നെയായിരുന്നു.

എന്നാൽ വായന ഒരു ലഹരിയായിരുന്ന അമ്മ പകൽ മുഴുവനും പണിക്കാരോടൊത്ത് പാടത്തും പറമ്പിലും ജോലിയിലായിരുന്നാ ലുീ രാത്രി അച്ഛനുറങ്ങിയാൽ അടുക്കളയിലെ ലൈറ്റിട്ട് വാതിലടച്ചിരുന്ന് വായിക്കും. ആഴ്ചപതിപ്പുകളും ലൈബ്രറി പുസ്തകങ്ങളുമാണ് അധികംവായിക. എന്തു കിട്ടിയാലും വായിക്കുമെങ്കിലും ഡിക്റ്ററ്റീവ് നോവലുകളും പ്രണയ കഥകളും ഏറെ ഇഷ്ടമായിരുന്നു. കോട്ടയം പുഷ്പ നാഥ്, എം.ഡി.വാസുദേവൻ നായർ ,പൊറേറക്കാട് ,മുട്ടത്തുവർക്കി, പി വത്സല തുടങ്ങിയവരുടെ ഏതാണ്ടെല്ലാ കൃതികളും അമ്മ വായിച്ചു തീർത്തിട്ടുണ്ട്. അമ്മ എന്നെ ഗർഭംധരിച്ചിരിക്കുമ്പോൾ നക്സലൈറ്റ് അജിത കഥാപാത്രമായി വരുന്ന ഒരു പുസ്തകം വായിച്ചിരുന്നെന്നും പെൺകുട്ടിതന്നെയായിരിക്കുമെന്ന ഉറപ്പിൽ ഉത്തരത്തിൽ അജിത എന്ന് എഴുതിവച്ച് ആ പേരാണ് എനിക്കിട്ടതെന്നും അമ്മ പറയാറുണ്ട്. അമ്മയുടെ ഓപ്പ ഡിക്ടക്ടീവ് കഥകൾ എഴുതി കിടക്കയുടെ അടിയിൽ സൂക്ഷിക്കും. അതെടുത്ത് വായിച്ചതാണ് തുടക്കമത്രെ! എന്റെ മൂത്ത ഏട്ടൻ ശശിധരൻ ലൈബ്രറിയിൽ പോകാൻ തുടങ്ങിയപ്പോൾ മുതൽ പുസ്തകം എടുത്ത് തുടങ്ങിയിരുന്നു. പിന്നീട് ശശിയേട്ടൻ ബോംബയ്ക്കു പോയതിനു ശേഷം അഞ്ചാമത്തെ മകളായ ഞാനും സൈക്കിളിന്മേൽ പോയി അമ്മയ്ക്കു വേണ്ടി പുസ്തകം എടുക്കാൻ തുടങ്ങി. അങ്ങനെ പാഠപുസ്തകങ്ങളുടെ മറവിൽ ഞാനും ലൈബ്രറി പുസ്തകങ്ങൾ വായിക്കാൻ തുടങ്ങി. പിന്നെ പിന്നെ എടുത്തു കൊണ്ടുവരുന്ന പുസ്തങ്ങളെല്ലാം അമ്മ വായിച്ചതായിരിക്കുമെന്നായി. ഏതു പ്രയാസങ്ങൾക്കിടയിലായാലും വായിക്കുമ്പോഴും ടി.വി.കാണുമ്പോഴും അമ്മ പുഞ്ചിരിച്ചു കൊണ്ടായിരിക്കും ഇരിക്കുക. ചോതി നാളിൽ ജനിച്ച അമ്മ ചോറിൻ പുറത്തു തന്നെയായിരുന്നു എന്നതു സത്യം! വസ്ത്രത്തിനും പണത്തിനും കുറവുണ്ടായിരുന്നില്ല.

മററുള്ളവരുടെ പ്രശ്നങ്ങൾ കേൾക്കാനും ആവുംവിധം സഹായിക്കാനും ആശ്വസിപ്പിക്കാനും എപ്പോഴും ശ്രദ്ധിച്ചിരുന്നു അമ്മ. ഇന്നത്തെ സാഹചര്യമായിരുന്നെങ്കിൽ അമ്മ ഒരെഴുത്തുകാരിയായേനെ എന്നെനിക്ക് തോന്നാറുണ്ട്.

എന്തൊക്കെ പ്രയാസങ്ങൾ ഉണ്ടായാലും മക്കൾ ദു:ഖം കാണേണ്ടി വരരുതേയെന്ന് പ്രാർത്ഥിച്ചിരുന്ന അമ്മയ്ക്ക് ജീവിതത്തിൽ നേരിടേണ്ടി വന്ന ഏറ്റവും വലിയ വെല്ലുവിളി അതു തന്നെയായിരുന്നു.

എന്റെ രണ്ടാമത്തെ ഏട്ടൻ മോഹനൻ കുട്ടിക്കാലത്ത് നല്ല വികൃതിക്കാരനായിരുന്നു. അച്ഛന്റെ കയ്യിൽനിന്നും അടി കിട്ടാത്ത ദിവസങ്ങൾ വിരളം! മുതിർന്നപ്പോൾ വീടിനും നാടിനും കണ്ണിലുണ്ണിയായി. തുടർന്ന് പഠിക്കാൻ വലിയ താല്പര്യമില്ലാത്തതിനാൽ അശോക് ലൈലന്റ് പുത്തൻ ബസ്സ് വാങ്ങി ലൈൻ ബസ്സായി ഓടാൻ തുടങ്ങി.ഏതാനും വർഷങ്ങൾ കഴിഞ്ഞപ്പോഴേയ്ക്കും അത് നഷ്ടത്തിലേക്ക് കൂപ്പുകുത്തി. മോഹനേട്ടനു വേണ്ടി കല്യാണാലോചനകൾ പലതും നടത്തിയെങ്കിലും ഒന്നും ശരിയായില്ല. വരവേ

ല്പിലെ മോഹൻലാലിനെപ്പോലെ ഗൾഫിലേക്ക് പോയി. ഒരു ഇംഗ്ലീഷ് കമ്പനിയിൽ എല്ലാ ഫെസിലിറ്റീസുകളോടും കൂടിയ ജോലി. ആൾ മെഡിക്കൽ ചെക്കപ്പിന് സാധ്യതയുണ്ടെന്നറിഞ്ഞപ്പോൾ ചെക്കപ്പ് ചെയ്യാൻ ഞാനാണ് നിർബന്ധിച്ചത്. മൂന്നു മാസത്തിനകം ആൾ തിരിച്ചു വന്നു. മഞ്ഞപ്പിത്തമാണെന്നാണ് വീട്ടിൽ പറഞ്ഞത്.രോഗവിവരമറിഞ്ഞാൽ ആർക്കും താങ്ങാനാവില്ലെന്ന് മോഹനേട്ടന് അറിയാമായിരുന്നു. അളിയന്മാരെ മാത്രം വിവരമറിയിച്ച് ഗംഗാധരൻ ഡോക്ടറുടെയടുത്ത് ചികത്സ തുടങ്ങി. പതുക്കെ വളരെ പതുക്കെയാണ് ഞങ്ങൾ വിവരമറിയുന്നത്. യൗവനയുക്തനും അരോഗദൃഢഗാത്രനുമായ എല്ലാവരുടെയും കണ്ണിലുണ്ണിയുമായിരുന്ന പൊന്നുമോന് രക്താർബുദമാണെന്ന് അമ്മ അറിയുമ്പോൾ... പറയേണ്ടതില്ലല്ലോ! ഇതിനേക്കാളുപരിയായി മററ് എന്തു വേദനയാണ്, പ്രതിസന്ധിയാണ് മാതാപിതാക്കൾക്കും കൂടപ്പിറപ്പുകൾക്കും ഉണ്ടാകാനുള്ളത്? നെരിപ്പോടിൽ എരിയപ്പെട്ട ജീവിതങ്ങൾ.ഈ വേദനകളുടെ ഭാരമളക്കാൻ ഏതൊരു അളവുകോലാണുള്ളത്? അങ്ങനെയും ഒരു ദുരന്തം അമ്മയ്ക്കു വേണ്ടി കാലം കരുതിവച്ചിരുന്നു. അധികം വൈകാതെ അമ്മയ്ക്ക് ആദ്യത്തെ അറ്റാക്ക് വന്നു. ഏറ്റവും നല്ല ചികത്സ കിട്ടിയിരുന്നെങ്കിലും അമ്മമനസ്സിന്റെ നൊമ്പരം മാറ്റാർക്കും, നുള്ളിയെടുക്കാനാവില്ലല്ലോ!

നല്ല ചികത്സയും അസാധാരണമായ മനോബലവും ആരോഗ്യവും വീട്ടിലുള്ളവരുടെ കരുതലോടെയുള്ള പരിചരണവും കാരണമാകാം പത്ത് വർഷങ്ങൾകൂടി ആ സാന്നിധ്യം ഞങ്ങൾക്ക് അനുഭവിക്കാനായി. സ്വന്തം അസുഖം വകവയ്ക്കാതെ ഓരോ നേരത്തെ ഭക്ഷണവും മോഹനേട്ടന്റെ ഇഷ്ടത്തിനനുസരിച്ച് കൃത്യസമയത്ത് വൃത്തിയായി ഉണ്ടാക്കിക്കൊടുക്കുക എന്നത് തന്റെ ജീവിതവ്രതമായി സ്വീകരിച്ചു. എന്നിട്ടും വർഷങ്ങൾ കടന്നു പോകവെ രോഗം മൂർച്ഛിച്ചപ്പോൾ ഉണ്ടായ അസ്വസ്ഥതകളുടെയും മാനസിക പ്രയാസങ്ങളുടെയുമെല്ലാ ദേഷ്യവും അമ്മയുടെ നേർക്ക് കുടഞ്ഞിടാൻ തുടങ്ങിയിരുന്നു. എല്ലാം നിശ്ശബ്ദം സഹിച്ചുക്കൊണ്ട് മകന്റെ ആയുസ്സിനായി ദൈവത്തോട് പ്രാർത്ഥിക്കുകയും ശ്രദ്ധയോടെ പരിചരിക്കുകയും ചെയ്തു കൊണ്ടിരുന്നു. മോഹനേട്ടൻ മരിക്കുന്നതിനു രണ്ടുദിവസം മുൻപാണ് പൂജാ ഹോളിഡെയ്സ് കഴിഞ്ഞ് ഞാനും കുട്ടികളും തിരിച്ചുപോന്നത്. ഡോക്ടറെ കാണാൻപോകുന്ന ഏട്ടന്റെ കാറിലാണ് ഞങ്ങളും പോന്നത്.ഞങ്ങൾ  നല്ല സുഹൃത്തുക്കളായിരുന്നെന്നും പറയാം. കാറിൽ പ്രത്യേകിച്ച് ഒന്നും സംസാരിച്ചില്ലെങ്കിലും കാറിൽ നിന്നും ഇറങ്ങി യാത്ര പറയുമ്പോൾ എന്നെയും കുട്ടികളെയും നോക്കിയനോട്ടം എനിക്ക് ജീവിതത്തിൽ മറക്കനാവില്ല ആയിരം നാക്കുകൾ കൊണ്ടു സംസാരിക്കുന്ന നയനങ്ങൾ... വീട്ടിലെത്തിയിട്ടും ഒരു നിമിഷം ആ  നോട്ടം എന്റെ കണ്ണിൽ നിന്നും മറഞ്ഞിരുന്നില്ല. രാത്രി ലാന്റ് ഫോണിന്റെയരികിൽ ഇരുപ്പായി ഞാൻ.വിളിക്കാൻ ധൈര്യമില്ല. ഉറക്കമായി കാണുമോ... വിളിച്ചാൽ ബുദ്ധിമുട്ടാകുമോ എന്നൊക്കെയുള്ള ചിന്തകളാൽ വിവശയായെങ്കിലും വിളിക്കാതിരിക്കാനാവില്ലായിരുന്നു. അമ്മയാണ് ഫോൺ എടുത്തത്. മോഹനേട്ടൻ കിടന്നിരുന്നു എന്നിട്ടും മഴ പെയ്തപ്പോൾ പുറത്ത് ചെന്നിരുന്ന് മഴ കാണുകയാണെന്ന് പറഞ്ഞു. പിറ്റേ ദിവസം മരിക്കുന്നതിനു മുൻപ് ഒരു ഗ്ലാസ് വെള്ളം ചോദിച്ചു .അമ്മ ഒരു ഗ്ലാസ് ജൂസ് കൊണ്ടു കൊടുത്തു. അത് മുഴുവനും കുടിച്ച് ഗ്ലാസ് തിരിച്ചു കൊടുക്കുമ്പോൾ അമ്മയുടെ മുഖത്തേക്ക് ഏതാനും നിമിഷങ്ങൾ നോക്കിയിട്ട് കിടന്നതാണ് പിന്നെ ഉണർന്നിട്ടില്ല എന്നമ്മ പറഞ്ഞപ്പോൾ എന്നോടെന്ന പോലെ അമ്മയോടും കണ്ണുകൾ കൊണ്ട് യാത്ര പറയുകയായിരുന്നുവെന്ന് എനിക്കു മനസ്സിലായി. തലേ ദിവസം മുതൽ നാക്ക് കുഴയാൻ തുടങ്ങിയിരുന്നുവത്രെ.

ഒരിക്കലും മരിക്കാത്ത ഓർമ്മകളുടെ ശൃംഖല വരിഞ്ഞുമുറുക്കിയപ്പോൾ വൈകാതെ അമ്മയ്ക്ക് രണ്ടാമത്തെ അററാക്കും വന്നു. നന്മയുടെ, ത്യാഗത്തിന്റെ ആകത്തുകയാണ് അമ്മ. ഏതാനും വർഷങ്ങൾക്കു ശേഷം നെഞ്ച് വേദനവന്നപ്പോൾ ചെറിയമകൻ ബാബുവുമൊത്ത് ഹോസ്പിറ്റലിലേയ്ക്ക് പോകാനുള്ള കാറിലേക്ക് കയറും മുൻപ് ചാരുകസേരയിൽ കിടക്കുകയായിരുന്ന അച്ഛന്റെ കാലിൽ തൊട്ട് പോവുകയാണെന്ന് ആക്ഷൻ കാട്ടി (വേദനകൊണ്ട് സംസാരിക്കാൻ പറ്റാതെയായിരിക്കാം) പോയതാണ്. അമ്മയുടെ തിരിച്ചുവരവിനായുള്ള അച്ഛന്റെ കാത്തിരിപ്പ് വൃഥാവിലായി... ●

# മൗനാക്ഷരങ്ങളാൽ അമ്മ



ദിവ്യ സി.ആർ.

**അ**മ്മയെ കുറിച്ച് പലരും എഴുതി കാണുമ്പോൾ 'ഞാനെന്തെഴുതും?'- എന്ന പതിവ് ചോദ്യത്തിൽ മനസ്സ് തങ്ങിനിൽക്കാറുണ്ട്. അമ്മയുടെ സ്നേഹത്തെക്കുറിച്ച് എനിക്കെന്നും പരാതികളായിരുന്നു. അനിയത്തിയേയും അനിയനെയും അമ്മ കൂടുതൽ സ്നേഹിക്കുന്നു.. അതായിരുന്നു ഞാൻ കണ്ടെത്തിയ കാരണം. മൂത്ത മകളായതുകൊണ്ട് സ്വാഭാവികമായും അച്ഛനോടുള്ള സ്നേഹക്കൂടുതൽ അന്നത്തെ പോലെ ഇന്നുമുണ്ട്.

അയൽവാസികളായ കളിക്കൂട്ടുകാരും സഹപാഠികളും നിരത്തുന്ന ബാല്യത്തിലെ 'അമ്മയ്ക്ക്' കണ്ണുനീരിന്റെ നനവായിരുന്നു! ഭയപ്പെടുത്തുന്ന അച്ഛന്റെ കണ്ണിലെ ചുവപ്പും, മദ്യലഹരിയിൽ ആടുന്ന ശരീരവും, വിശക്കുന്ന വയറിന് ഭക്ഷണം നൽകാതെ നടുമുറ്റത്ത് എറിഞ്ഞുടയ്ക്കപ്പെടുന്ന ചോറുകലങ്ങളിൽ അരിശം തീർക്കുന്ന അച്ഛന്റെ ക്രൗര്യം ഞങ്ങൾക്ക് അന്യമായിരുന്നു. ഏറ്റവും സുന്ദരവും സമാധാനവും മനോഹരവുമായ ഒരു ബാല്യകാലം അച്ഛൻ സമ്മാനിച്ചു. എൺപതുകളുടെ അവസാനം ജനിച്ച് തൊണ്ണൂറുകളുടെ തുടക്കത്തിൽ ബാല്യം പിന്നിടുമ്പോൾ, അതിദരിദ്രകാലഘട്ടത്തിൽ നിന്നുള്ള സാമൂഹികാന്തരീക്ഷം മാറിയിരിക്കുന്നുവെങ്കിലും; ദാരിദ്ര്യമല്ലെങ്കിലും ഇല്ലായ്മകളുടെയും വല്ലായ്മകളുടെയും ഒരു ബാല്യമുണ്ടായിരുന്നു.



അമ്മയുടെ ഉദരത്തിൽ പിറന്ന മൂന്നാമത്തെയും ജീവിച്ചിരിക്കുന്നതിൽ ആദ്യത്തെ കുഞ്ഞുമായിരുന്നു ഞാൻ. ജനിച്ച് മാസങ്ങളുടെ ആയുസ്സുണ്ടായിരുന്ന രണ്ട് മക്കളെ അമ്മയ്ക്ക് നഷ്ടപ്പെടുമ്പോൾ, അമ്മയുടെ വേദന കണ്ടുനിൽക്കാൻ ബന്ധുക്കൾക്ക് പോലും കഴിയാതെ വന്നു. എന്നെ അമ്മ ഗർഭം ധരിക്കുമ്പോൾ ആഗ്രഹിച്ചത് ഒന്നുമാത്രമായിരുന്നു: ' ആയുസ്സും ആരോഗ്യവുമുള്ളൊരു കുഞ്ഞ്!'

പക്ഷേ, അവിടെയും അമ്മയുടെ പ്രാർത്ഥന ദൈവം ഇടയ്ക്കിടെ നിരസിച്ചും സ്വീകരിച്ചും കൊണ്ടേയിരുന്നു. എത്രയോ ദിവസങ്ങൾ രാവേതെന്നോ പകലേതെന്നോ അറിയാതെ ആശുപത്രി വരാന്തകളിൽ, എന്റെ ജീവിതത്തിനും മരണത്തിനുമിടയിൽ നേർത്ത ശ്വാസത്തിനായി പിടയുന്ന എന്റെ ശരീരം നോക്കി തളർന്നിരുന്നിട്ടുണ്ട്!

എനിക്ക് താഴെ രണ്ട് കുഞ്ഞുങ്ങൾ കൂടി ഞങ്ങൾക്കിടയിലേക്ക് വരുമ്പോഴും അവരെയും മറോടടക്കിപ്പിടിച്ച് ഇരുൾ വീണ വഴിയിലൂടെ തീപ്പന്തവും കൊളുത്തി അച്ഛന്റെ പിന്നാലെ നടന്ന അമ്മയുടെ നെഞ്ചിടിപ്പ് ഇപ്പോഴും അറിയാതെ എന്നിലൊരു ദീർഘനിശ്വാസമായുയരുന്നുണ്ട്.

ബാല്യവും കൗമാരവും കടന്ന് വിവാഹിതയായി, അമ്മയായപ്പോഴാണ് ഞാനെന്റെ അമ്മ അനുഭവിച്ച വേദനകളെ കുറിച്ച് മനസിലാക്കാൻ ശ്രമിച്ചത്. ആദ്യകുഞ്ഞിനെ ഗർഭം ധരിക്കുമ്പോഴും അവളുടെ ആദ്യചലനങ്ങൾ ആത്മാവിൽ ആനന്ദം നിറയ്ക്കുമ്പോഴും, പ്രസവം കഴിഞ്ഞ് നിരീക്ഷണ മുറിയിലേക്ക് കുഞ്ഞിനെ മാറ്റുമ്പോൾ, അതുവരെ അനുഭവിച്ച പ്രസവവേദനയേക്കാൾ വലിയ വേദന ചെറിയ സമയത്തേക്ക് എന്നിൽ നിന്നും കുഞ്ഞിനെ മാറ്റിയ വേദനയായിരുന്നു! ഞാനെന്റെ കുഞ്ഞുങ്ങളെ വളർത്തുമ്പോൾ, കൂലിപ്പണി കഴിഞ്ഞ് അന്നത്തെ വേതനം വാങ്ങി മക്കളെ ആശുപത്രിയിൽ കൊണ്ടുപോകാൻ കാത്തിരിക്കുന്ന അമ്മയിൽ നിന്ന് ചെറിയ പനിച്ചൂടിൽ പോലും മക്കളെ ആശുപത്രിയിലേക്കെത്തിക്കുന്ന അമ്മയിലേക്ക് ഞാൻ പരിവർത്തനം ചെയ്യപ്പെട്ടിരിക്കുന്നു.

ഇപ്പോൾ ഞാൻ തിരിച്ചറിയുന്നുണ്ട്; പരിഭവങ്ങളും പ്രതിഷേധങ്ങളും നിറഞ്ഞ ഞാനെന്ന സ്ത്രീയിൽ നിന്നും, ശക്തമായ ജീവിതാനുഭവങ്ങളുടെ പ്രഹേളികയിൽ വേദനകളോടും നഷ്ടപ്പെടലുകളോടും മൗനമായി സമരസപ്പെട്ട് അമ്മ എങ്ങനെ ശാന്തമായിരിക്കുന്നുവെന്ന്.. രണ്ട് മക്കളെ നഷ്ടപ്പെട്ട അമ്മ, എനിക്ക് വേണ്ടി മാറ്റിവയ്ക്കപ്പെട്ട ജീവിതത്തെക്കുറിച്ച്.. കരഞ്ഞു തീർത്ത ഇടനാഴികളിൽ പൊളിച്ചിട്ട എന്റെ അമ്മയുടെ നൊമ്പരപ്പിടച്ചിലുകളെ.. ആത്മാവിൽ വേരൂന്നിയ ഒരുപിടി അക്ഷരങ്ങളാൽ ഞാൻ നന്ദി ചൊല്ലിടട്ടെ...

●

# അമ്മ - പകരം വയ്ക്കാനില്ലാത്ത വാക്ക്



രജനി സുരേന്ദ്രൻ

എന്റെ അമ്മ തന്നെയാണ് എന്റെ റോൾ മോഡൽ. ഒരു ഇടത്തരം കുടുംബത്തിൽ ജനിച്ച എന്റെ ഏക സമ്പാദ്യം എന്റെ മാതാപിതാക്കളാണ്. അവരുടെ സ്നേഹവും കരുതലുമാണ് എന്നെ ഞാനാക്കിയത്. ജീവിതത്തിൽ ഒട്ടേറെ കയ്പേറിയ അനുഭവങ്ങളെ ഞങ്ങൾക്ക് തരണം ചെയ്യേണ്ടി വന്നിട്ടുണ്ട്. എന്റെ ഓർമ്മയിൽ തങ്ങിനിൽക്കുന്ന ഒരു അനുഭവം ഞാനിവിടെ പങ്കു വയ്ക്കാം. ഞാൻ ആറാം ക്ലാസിൽ പഠിക്കുന്ന കാലം. ഞങ്ങൾ നാലു പെൺ മക്കളാണ് ഉള്ളത്.



അച്ഛന് കൃഷിപ്പണിയായിരുന്നു. ആയിടക്ക് അച്ഛന് അസുഖം ബാധിച്ച് കിടപ്പിലായി. പണിക്ക് പോവാൻ വയ്യാതായി. തട്ടിയും മുട്ടിയും കുറച്ചു ദിവസം കഴിഞ്ഞു. ഒടുവിൽ പട്ടിണിയുടെ വക്കിലെത്തി. ഇനി എങ്ങനെ മുന്നോട്ടു പോവുമെന്ന് അറിയാതായി. അതു വരെ വീട്ടിനുള്ളിൽ മാത്രം ഒതുങ്ങിയിരുന്നിരുന്ന എന്റെ അമ്മ പിറ്റേദിവസം കൂലിപ്പണിക്ക് പോവാനായി ഒരുങ്ങി നിൽക്കുന്ന കാഴ്ചയാണ് ഞങ്ങൾ മക്കൾ കാണുന്നത്. എന്റെ മക്കളുടെ വിശപ്പിലും വലുതായ ഒരു അഭിമാനവും എനിക്കില്ലെന്ന് പറഞ്ഞ് അമ്മ വെയിലും മഴയും കൊണ്ട് ഞങ്ങൾക്ക് തണലായി മാറി. കുറേ ദിവസം കഴിഞ്ഞപ്പോൾ അമ്മക്ക് മഞ്ഞപ്പിത്തം ബാധിച്ചു. ഒട്ടും വിശ്രമമില്ലാത്തതുകൊണ്ട് അസുഖം മൂർച്ഛിച്ച് മെഡിക്കൽ കോളേജിൽ അഡ്മിറ്റ് ചെയ്തു. ഡിസ്ചാർജ് ചെയ്ത് കുറച്ചു ദിവസങ്ങൾക്കു ശേഷം വീണ്ടും അമ്മ ഞങ്ങളെ പോറ്റാനായി വെയിലത്തേക്കിറങ്ങി..

ആഭിജാത്യത്തിന്റെ വാൽ ദാരിദ്ര്യം ഇല്ലാതാക്കില്ലെന്നും അധ്വാനിക്കുന്നവന് ജീവിതത്തിൽ തോൽവി ഉണ്ടാവില്ലെന്നും അമ്മ ജീവിതത്തിലൂടെ ഞങ്ങളെ പഠിപ്പിച്ചു. ആ തിരിച്ചറിവിന്റെ ചുവടു പിടിച്ചു കൊണ്ടു തന്നെ ഞങ്ങൾ നാലുമക്കളും നന്നായി പഠിച്ചു. എല്ലാവരും ഉദ്യോഗസ്ഥരായി. ഇന്ന് അച്ഛൻ ഞങ്ങളെ വിട്ടു പോയെങ്കിലും പണ്ടു ഞങ്ങൾക്കു വേണ്ടി കൊണ്ട വെയിൽ ചൂടിനു പകരം എല്ലാവിധ സൗഭാഗ്യങ്ങളും അനുഭവിച്ച് , ആരോഗ്യവതിയായി, അമ്മത്തണുപ്പായി അമ്മ ഞങ്ങളുടെ കൂടെയുണ്ട് എന്നത് ഞാൻ ചെയ്ത മുജ്ജന്മ സുകൃതമല്ലാതെ മറ്റൊന്നുമല്ല. അമ്മയുള്ളിടത്തോളം കുഞ്ഞായിരിക്കാനുള്ള ഭാഗ്യം ഈ മധ്യാഹ്നത്തിലും ലഭിക്കുക എന്നതിൽ കവിഞ്ഞ് മറ്റെന്താണ് എനിക്കു വേണ്ടത്...



സജന സന്തോഷ്

# അമ്മ

'അമ്മ' എന്ന പദത്തിന് സ്നേഹം, ത്യാഗം, തണൽ എന്നീ അർത്ഥങ്ങൾ ഞാൻ പഠിച്ചത് എന്റെ അമ്മയിൽ നിന്നാണ്. ഏതോ ജന്മത്തിൽ ഞാൻ ചെയ്ത പുണ്യത്തിന്റെ ഫലമാവാം ഇങ്ങനെയൊരമ്മയെ കിട്ടിയത്. ഒരായുസ്സ് മുഴുവൻ ഒപ്പമുണ്ടാവുമെന്ന പ്രാർത്ഥനയോടെ കൈ പിടിച്ച് കൂടെ കൂട്ടിയവൻ പാതി വഴിയിൽ ഓർമ്മയായപ്പോൾ എരിഞ്ഞടങ്ങിയ സ്വപ്നങ്ങൾ. മൂന്നു മാസം പോലും ഒരുമിച്ച് ജീവിക്കാനാവാതെ മൂന്നു വർഷത്തെ ദാമ്പത്യം.നെറ്റിയിലെ പ്രണയ സിന്ദൂരം തുടച്ചു മാറ്റി വെള്ള വസ്ത്രം ധരിച്ച് കൈക്കുഞ്ഞിനെ ചേർത്തു പിടിച്ച് ഒറ്റയ്ക്കൊരു യാത്ര. പിന്നീടുള്ള കനൽവഴികൾ. ഓർമ്മകൾ ഒരുപാട് വർഷം പിറകിലേക്ക് ....

വിധവയായ പെങ്ങൻമാർ ഭാരമാണെന്ന തോന്നലിൽ ഇറക്കി വിടുന്നതിനെ തെറ്റാണെന്ന് പറയുന്നില്ല. അന്നൊരു നാലു വയസ്സുകാരി സ്കൂൾ വിട്ട് അമ്മവീട്ടിലെത്തിയപ്പോൾ എങ്ങോ പോകാൻ തയ്യാറായി നില്ക്കുന്ന അമ്മയെയാണ് കണ്ടത്. വീട്ടുമുറ്റത്ത് പാത്രങ്ങളൊക്കെ കിടക്കുന്നു. എന്തോ പ്രശ്നമുണ്ടെന്ന് അവളുടെ മനസ്സ് പറയുന്നുണ്ടായിരുന്നു. നല്ല വിശപ്പുണ്ടായിരുന്നു. വിശക്കുന്നെന്ന് പറഞ്ഞിട്ടും അവൾക്ക് അമ്മ ഭക്ഷണം കൊടുത്തില്ല. റോഡരുകിൽ ഒരു ടാക്സി അവരെയും കാത്തു കിടപ്പുണ്ടായിരുന്നു. കാറിൽ കയറിയിരിക്കുമ്പോൾ അവൾ അമ്മയുടെ മുഖത്തേക്ക് ദയനീയമായി നോക്കി. കാർ മുന്നോട്ടു നീങ്ങുമ്പോൾ പിന്നിൽ നിന്ന്തേങ്ങലുകൾ കേൾക്കുന്നുണ്ടായിരുന്നു. അമ്മമ്മയും വല്യമ്മയുമായിരുന്നു

ടാക്സി നിന്നത് അച്ഛന്റെ വീട്ടുമുറ്റത്തായിരുന്നു. തറവാടിന്റെ ചായ്പ്പിൽ താമസം തുടങ്ങിയ ഞങ്ങൾക്ക് അവിടെയും വലിയ സ്വീകരണമാണ് ലഭിച്ചത്. തുണികൾ തുന്നിക്കൊടുത്തും കുട്ടികളെ തുന്നൽ പഠിപ്പിച്ചും ജീവിക്കാൻ തുടങ്ങുമ്പോൾ വെള്ളത്തുണികളിലേക്ക് മാറാല തട്ടിയിട്ട് രസിക്കുന്ന ചെറിയച്ഛൻ, അമ്മയെ അനാവശ്യം പറയുന്ന അച്ഛൻ പെങ്ങൾ അങ്ങനെ ബന്ധങ്ങളുടെ നീണ്ട നിര ദ്രോഹിക്കാൻ കച്ചകെട്ടി പുറപ്പെട്ടപ്പോഴും ഒരു മുഴം കയറിലോ, അല്പം വിഷത്തിലോ, റെയിൽവെ ട്രാക്കിലോ ജീവിതം അവസാനിപ്പിക്കാതെ ഒരായുസ്സു മുഴുവൻ ഞാനെന്ന മകൾക്കായി ജീവിച്ച, ജീവിക്കുന്ന ഒരമ്മ.



# എന്റെ അമ്മയോർമ്മകൾ



**കോ**ടമഞ്ഞിലൂടെ ,ഇരുവശത്തും മേച്ചിൽ പുല്ലുകൾ വളർന്നുമുറ്റിയ വഴുക്കലുള്ള വഴിയിലെ കയറ്റം കയറി വരുമ്പോൾ സങ്കടത്തോടെ പരാതി പറയുന്ന അമ്മയാണ് അന്നത്തെ മൂന്നര വയസ്സുകാരിയായ എന്റെ മനസ്സിലേക്ക് ആദ്യം വരുന്ന വ്യക്ത ചിത്രം. കൊല്ലം ജില്ലയിൽ നിന്ന് ഇടുക്കി ജില്ലയിലേയ്ക്ക് - ഹൈറേഞ്ചി ലേക്കുള്ള നീണ്ട യാത്രയിലുടനീളം അമ്മ നൊന്തിട്ടുണ്ടാവണം. അമ്മയുടെ ആദ്യ യുദ്ധം കാലാവസ്ഥയോട് തന്നെയായിരുന്നു. ഒരു പുൽക്കൊടിത്തുമ്പിന്റെ നിഴൽ പോലും അവകാശപ്പെടാനില്ലാത്ത ഭൂമിയിൽ ഇഞ്ചിയും കപ്പയും ധാരാളമായി വിളയിച്ചെടുക്കുന്നതിൽ മുഖ്യപങ്ക് വഹിച്ചത് അമ്മയായിരുന്നു. കട്ടപ്പന ചന്തയിൽ നിന്ന് സാധനങ്ങൾ വാങ്ങി കുന്നും മലയും താണ്ടി തലച്ചുമടായി എത്തിച്ച് കൊച്ചു കടയിൽ കച്ചവടം ചെയ്ത് ജീവിതത്തിന്റെ ഊടും പാവും നെയ്യുമ്പോൾ അമ്മ ചിരിക്കാൻ മറന്നു പോയിരുന്നു. പശുക്കളെ വളർത്തിയും ചാണകം ഉണക്കിപ്പൊടിച്ച് വിറ്റും ചായക്കട നടത്തിയും കഠിനതകളെ മറികടക്കാൻ ശ്രമിക്കുമ്പോൾ ചുറ്റുപാടുമുള്ള ചില മനുഷ്യരോടും പൊരുതേണ്ടി വന്നു. ഉണങ്ങാത്ത മുറിവുകളുമായി സമരസപ്പെടുമ്പോൾ ശരീരത്തെ രോഗങ്ങൾ കീഴടക്കി.



ഷേർലി തോമസ്

സന്ധ്യാപ്രാർത്ഥനകളിൽ അടർന്നുവീണ അമ്മയുടെ കണ്ണീർത്തുള്ളികൾ ദൈവം തീർച്ചയായും ശേഖരിച്ചു വച്ചിട്ടുണ്ടാവണം, വെളുപ്പിനെയുണർന്ന് കിടക്കയിലിരുന്നുള്ള നിശബ്ദ പ്രാർത്ഥനകൾക്ക് കാതോർത്തിട്ടുണ്ടാവണം.

മുറിവേറ്റും മുറിപ്പെടുത്തിയും, കലഹിച്ചും കരഞ്ഞും കരയിച്ചും ,പൊരുതിയും തോറ്റും 2022 ആഗസ്റ്റ് 18ന് എല്ലാ യുദ്ധങ്ങളും അവസാനിപ്പിച്ച് യാത്ര പറയുമ്പോൾ അമ്മയുടെ നെറ്റിയിലെ ആ കൊടും തണുപ്പ് - മരണത്തിന്റെ പ്രത്യേകതരം തണുപ്പ് ഞാനെന്റെ നാവിൻതുമ്പിൽ തൊട്ടെടുത്തിട്ടുണ്ട്.

ഒന്നല്ലേ, ആയുസ്സിന്റെ മുക്കാൽ പങ്കും പ്രതിസന്ധികളോട് പൊരുതേണ്ടി വന്ന ഒരമ്മയുടെ മകളായതിനാലാവാം അതികഠിനമായ, അവിശ്വസനീയമായ സാഹചര്യങ്ങളെ അതിജീവിച്ച് ഞാൻ ലോകത്തെ നോക്കി ഇപ്പോൾ പുഞ്ചിരിക്കുന്നത് .... അല്ലേ ?

# മാതൃസ്നേഹം

## അത്ഭുതപ്പെടുത്തിയ നിമിഷങ്ങൾ



**നിത്യലക്ഷ്മി**



**കൗ**മാരത്തിന്റെ അവസാന ഘട്ടത്ത്, മിക്കവാറും ദിവസങ്ങളിൽ അമ്മയുമായി വഴക്കുണ്ടാക്കുകയും മൗന വ്രതത്തിലേക്ക് ആണ്ടു പോകുകയും ചെയ്യുമായിരുന്ന ഒരാളായിരുന്നു ഞാൻ. ജീവിതമങ്ങനെ പഠനത്തിന്റെയും എഴുത്തിന്റെയും വായനയുടെയും തിരക്കുകളിലേക്ക് അമർന്ന് പോയിക്കൊണ്ടിരുന്ന നാളുകളിൽ ഒന്നിലാണ് വളരെ ചെറിയൊരു സുഖമില്ലായ്മയെ തുടർന്ന് ചെറിയൊരു സർജറി വേണ്ടി വരുമെന്ന് ഡോക്ടർ പറഞ്ഞത്. അതിന് ശേഷം എങ്ങനെയാണ് ഞാനും അമ്മയും തമ്മിൽ നടന്നുകൊണ്ടിരിക്കുകയായിരുന്ന ശീതയുദ്ധം അവസാനിച്ചതെന്ന് എത്രയോർത്തിട്ടും എനിക്ക് പിടികിട്ടിയതേയില്ല. പക്ഷേ, സർജറിയെ കുറിച്ചോർത്ത് എന്നെക്കാളധികം അമ്മ ഭയപ്പെടുകയും ദൈവത്തെ വിളിച്ചു പ്രാർത്ഥിക്കുകയും നേർച്ചകൾ വയ്ക്കുകയും, അറിയാവുന്ന ഡോക്ടർമാരോടെല്ലാം സംസാരിച്ച് എങ്ങനെയെങ്കിലും സർജറി ഒഴിവാക്കാൻ സാധിക്കുമോയെന്ന് ആരായുകയും ചെയ്തു കൊണ്ടേയിരുന്നു. ഒടുവിലൊരു മൂന്ന് വർഷം കഴിഞ്ഞ് ആ സർജറി നടന്നപ്പോഴും ഭയാശങ്കകൾ നിറഞ്ഞ്, ഉറങ്ങാതെയും മറ്റും കൂടെയിരുന്ന്, ചെറിയൊരു ശബ്ദം കേട്ടാൽ പോലും ഞെട്ടിയുണർന്ന് 'എന്റെ മക്കളേ' എന്ന് വിളിച്ചു കൊണ്ടേയിരിക്കുന്ന മുഖം ഇപ്പോഴും മനസ്സിൽ തെളിയുന്നു.

അമ്മയ്ക്ക്, അമ്മയുടെ അമ്മയോടുള്ള പ്രതി, അമ്മായിയമ്മയോടുള്ള പ്രതി, അച്ഛനോടുള്ള പ്രതി, ചുറ്റിലുമുള്ള മനുഷ്യരോടെല്ലാമുള്ള പ്രതി സ്നേഹവും അനുകമ്പയും എനിക്കുമുണ്ടാകട്ടെയെന്ന് മാത്രമാണ് എല്ലാ കാലത്തും ഞാൻ ആഗ്രഹിച്ചിട്ടുള്ളത്. എത്രത്തോളം തരം താഴ്ത്തി സംസാരിച്ചിട്ടുള്ളവരോടും എത്ര പെട്ടന്നാണ്, പൊറുത്ത് കൊണ്ട് ചിരിക്കുന്നതെന്നത് എന്നെ എന്നും വിസ്മയിപ്പിക്കുന്നു.

ഒടുവിൽ, വിവാഹം കഴിഞ്ഞ് ഞാൻ പങ്കാളിക്കൊപ്പം, ബാംഗ്ലൂരിലേക്ക് വണ്ടി കയറുമ്പോൾ, പങ്കാളിയുടെ സഹോദരന്റെ അഞ്ചു വയസുകാരൻ മകനും എന്റെ അമ്മയും ഒരുപോലെ, ഒരു നിലവിളിയോടെ കരഞ്ഞത് എല്ലാ കാലത്തും എന്റെ ഉള്ളിലൊരു ചങ്ങലയായി കെട്ട് പിണഞ്ഞ് കിടക്കുന്നു.

അമ്മയെന്നത് അനിർവചനിയമായ, അനിയന്ത്രിതമായ സ്നേഹമാകുന്നു.

# ചില വീണ്ടെടുപ്പുകൾ



ജാൻസി. ആർ. ഗോപാലൻ

സ്വബോധത്തിനും അബോധത്തിനും ഇടയിലുള്ള നൂൽപ്പാലത്തിൽ നിന്ന് വഴുതി ആഴമേറിയ കുഴിയിലേക്ക് വീണ്, നഷ്ടപ്പെട്ട സ്വബോധം വീണ്ടെടുക്കാൻ നന്നേ പാടുപെടുന്നൊരു മനസ്സുണ്ട്. ഓർക്കുമ്പോഴൊക്കെയും അകലേക്ക് മായുന്നവ. നിറപ്പകിട്ടാർന്ന ബാല്യകാലമില്ലാതെ കളിയും ചിരിയും മങ്ങി ഒറ്റപ്പെടലുകൾ നിറഞ്ഞ രാപ്പകലുകളിൽ അമ്മ എന്ന സാങ്കൽപ്പിക രൂപത്തെ മെനഞ്ഞെടുക്കുമായിരുന്നു. ഒരിറ്റ് സ്നേഹത്തിന് കരുതലിന് തലോടലിന് കൊതിച്ച് എനിക്കു നേരെ നീളുന്ന എത്രയോ കൈകളിൽ ഞാനെന്റെ അമ്മയെ കണ്ടെത്താൻ ശ്രമിച്ചിട്ടുണ്ട്. അല്ല, ഇപ്പോഴും ശ്രമിക്കുന്നു. അതെല്ലാം പാടെ വിഫലമാക്കപ്പെടുകയാണ്. അല്പമെങ്കിലും എന്നെ ചേർത്തുനിർത്തിയിട്ടുള്ളത് മൂത്തമ്മയാണ്. എന്നെ പ്രസവിച്ചിട്ടില്ലെങ്കിലും ഉപാധികളേതുമില്ലാതെ എന്റെ അമ്മയായ സ്ത്രീ.

വർഷങ്ങളോളം ഞാൻ മേനഞ്ഞെടുത്ത സ്വപ്നങ്ങളും കേൾക്കാൻ കൊതിച്ചൊരു വിളിയും വീണ്ടെടുക്കാനുള്ള എളിയ ശ്രമമായിരുന്നു, പതിനാലു വർഷങ്ങൾക്കിപ്പുറം ഞാൻ നടത്തിയത്. ആരോടും ചോദിക്കാതെ, മറുപടി കാത്തുനിൽക്കാതെ അഭിപ്രായം ആരായാതെ ഒരു യാത്ര. ഒരു പക്ഷേ അന്ന് ആരുടെയെങ്കിലും അനുവാദത്തിന് കാത്തിരുന്നുവെങ്കിൽ ഇതുവരെ ഞാൻ അമ്മയെ കാണുകയോ തിരിച്ചറിയുകയോ ചെയ്തിരിക്കില്ല. ആരുടെയൊക്കെയോ ചൂതുകളിക്ക് ഇരയാക്കപ്പെട്ടപ്പോഴും പരാതി ഏതുമില്ലാതെ ചേർന്നു നിൽക്കുന്നവർക്കിടയിൽ

വിദൂരതയിൽ കണ്ണും നട്ട് ആരോടെന്നില്ലാതെ പിറുപിറുത്തു നിൽക്കുന്ന അമ്മയെ കണ്ട് ഞാൻ അന്തിച്ചു നിന്നു. അടുത്ത് നിന്നവർ ചോദിച്ചു ഇതാരാണെന്ന് അറിയോ. അതുകേട്ട് ഒരു ഭാവഭേദവും കൂടാതെ എന്നെ നോക്കി അറിയില്ലെന്ന് തലയനക്കി, വീണ്ടും തറപ്പിച്ചു നോക്കിക്കൊണ്ട് എന്നോടൊരു ചോദ്യം.

‘ ആരാണ് ‘ അത് കേട്ടതും ഞാൻ പകച്ചു നിന്നു. എന്തൊരു ചോദ്യം. ഈ ലോകത്തിന് മുമ്പിൽ എന്നെ പരിചയപ്പെടുത്തേണ്ടുന്ന ആളാണ് എനിക്ക് നേരെ ഇങ്ങനെ ഒരു ചോദ്യം തൊടുത്തു വിട്ടത്. ഞാൻ കേൾക്കാൻ കൊതിച്ചത് മോളെ എന്നുള്ള ഒരൊറ്റ വിളിയായിരുന്നു, എനിക്ക് കിട്ടിയതോ ഹൃദയത്തിൽ നീറിപുകഞ്ഞ ഒരു ചോദ്യവും. പതിനാല് വർഷം ഈ ഭൂമിയിൽ ജീവിച്ചതിന് ഒരു അർഥവും ഇല്ലെന്ന് എനിക്ക് തോന്നി. ഉത്തരം പറയാൻ കഴിയാതെ ഞാൻ കുഴങ്ങി. അന്ന് എന്നോട് തന്നെ ഞാൻ ചോദിച്ചു ആരാണെന്ന്. തിരിച്ചറിയപ്പെടേണ്ടുന്ന ചിലർ അറിയാതെ പോകുന്നതിനോളം വലിയ പ്രയാസം മറ്റെന്തുണ്ട്. ഞാൻ ആരുമല്ല, ഒന്നുമല്ല, ചെറുകണികപോലും അല്ലെന്ന തിരിച്ചറിവിൽ കവിളിലൂടെ നീർച്ചാലുകൾ ഒഴുകി. പലപ്പോഴും മറവിയിലേക്ക് ആഴ്ത്തിയിടാൻ ശ്രമിക്കുമ്പോഴൊക്കെയും പതിൽമടങ്ങ് ശക്തിയിൽ തിരിച്ചു വരുന്നൊരു ഓർമ്മയായി ഇന്നും അവശേഷിക്കുന്നു.

പിന്നീട് പലതവണ കണ്ടു, ചിരിച്ചു സംസാരിച്ചു അതിലേറെ എന്റെ പേര് പറയാൻ തുടങ്ങി എന്നതാണ് ഏറെ സന്തോഷം. വർഷങ്ങൾക്കിപ്പുറത്ത് അവസാനം സംസാരിച്ചപ്പോൾ എന്റെ ചോദ്യങ്ങൾക്കെല്ലാം ഏറെകുറെ വ്യക്തമായ മറുപടി നൽകാവുന്ന തരത്തിൽ പാകപ്പെട്ട ആ മനസ്സാണ് എന്നെ അത്ഭുതപ്പെടുത്തുന്നത്. തനിക്ക് ഏറെ പ്രിയപ്പെട്ടവരുടെ സാമിപ്യം പോലുമില്ലാതെ സ്വയം രാകിമിനുക്കി എടുക്കാൻ ആ മനസ്സ് എത്ര കരുത്ത് ആർജിച്ചെടുത്തിരിക്കണം.

സ്വന്തം മാനസിക നില തെറ്റാതെ ജീവിക്കുക എന്നത് തന്നെ പോരാട്ടമാവുമ്പോൾ, അതിലുപരി നഷ്ടപ്പെട്ടുപോയ മനോനിലയുടെ ഒരു കണികയെങ്കിലും വീണ്ടെടുക്കുക എന്നതുതന്നെയാണ് അമ്മ നടത്തിയ ഏറ്റവും വലിയ പോരാട്ടം. എന്റെ പ്രായത്തോളം പഴക്കമുള്ളൊരു പോരാട്ടം.

# താളം തെറ്റിയ മനസ്സുമായി അമ്മ

എനിക്ക് തിരിച്ചറിവ് വന്നത് മുതൽ അച്ഛൻ അമ്മയുമായി പിണങ്ങി വേറെ താമസിക്കുകയായിരുന്നു. പണിക്കൊന്നും പോകാതെ പാരമ്പര്യമായി കിട്ടിയ സ്വത്ത് വിറ്റ് മദ്യപിച്ച് നടക്കുന്ന അച്ഛനെ ഉപദേശിച്ചും , പിണങ്ങിയുമൊക്കെ കുറച്ച് കാലം പിടിച്ചു നിന്നെങ്കിലും അമ്മയുടെ പേരിലുള്ള ഇത്തിരി ഭൂമി വില്ക്കാൻ സമ്മതിക്കാതിരുന്നപ്പോൾ അച്ഛൻ , അനിയന്റെ വീട്ടിലേക്ക് താമസം മാറുകയായിരുന്നു. ഞങ്ങൾ മൂന്ന് മക്കളെ വളർത്താനുള്ള കഷ്ടപ്പാടിലായിരുന്നു അമ്മ. പശു, കോഴി ആട്, താറാവ്, എന്നിവയെ വളർത്തിയും കൃഷി ചെയ്തും ജീവിത നെരിപ്പോടിൽ അമ്മ ഉരുകി.

ഉത്തരവാദിത്വമില്ലാതെ അലഞ്ഞു നടന്ന അച്ഛൻ കാൻസർ പിടിപ്പെട്ട് മരിച്ചതോടെയാണ് അമ്മയുടെ മനസ്സിന്റെ താളം തെറ്റിയത് എന്നാണ് എന്റെ ഓർമ്മ. പിന്നെ ഞങ്ങളെ പഠിപ്പിച്ചതും , അമ്മയുടെ മനോരോഗത്തിന് ചികിത്സിച്ചതും അമ്മാവനായിരുന്നു. അമ്മാവന് മക്കളില്ലായിരുന്നു.

വിദ്യാഭ്യാസത്തിന് ശേഷം ഞങ്ങൾ കൃഷിപ്പണിയിലേക്കിറങ്ങി. ഞങ്ങളുടെ ഗ്രാമത്തിൽ അക്കാലത്ത് മറ്റ് ജോലിക്ക് പോകുന്നവർ ഇല്ല എന്നു തന്നെ പറയാം.

അമ്മയുടെ മനോരോഗം ചികിത്സിക്കുമ്പോൾ ഭേദമാകുമെങ്കിലും വീണ്ടും വരും. മാനസിക നില നേരെയാകുന്ന അവസരത്തിൽ ഞങ്ങളുടെ കാര്യത്തിൽ അമ്മയ്ക്ക് വല്ലാത്ത ഉൽക്കണ്ഠയായിരുന്നു. അമ്മാവൻ ഞങ്ങൾക്ക് തന്ന കൃഷിഭൂമിയിൽ അദ്ധ്വാനിച്ച് ഞങ്ങൾ ഒരു വിധം ജീവിച്ചു പോന്നു. വളരെ വൈകിയാണെങ്കിലും ,ജേഷ്ഠൻ ബിസ്സിനസ്സിലേക്കും, ഞാൻ ഗവൺമെന്റ് സർവ്വീസിലേക്കും എത്തിയിരുന്നു. സഹോദരിയുടെ വിവാഹ ശേഷം അമ്മാവൻ മരിച്ചു.

അമ്മാവന്റെ മരണശേഷം അധികകാലം അമ്മയും ജീവിച്ചില്ല. അച്ഛനുമായി വേർപിരിഞ്ഞെങ്കിലും, അമ്മ, അച്ഛനെ കുറ്റപ്പെടുത്തി സംസാരിക്കുന്നത് ഞങ്ങൾ ഒരിക്കലും കേട്ടിരുന്നില്ല.

മരിക്കുന്നത് വരെയും , അമ്മയുടെ മനസ്സിൽ അച്ഛനെപ്പറ്റിയുള്ള ഓർമ്മകൾ മാഞ്ഞു പോയിരുന്നില്ല എന്നാണ് ഞാൻ മനസ്സിലാക്കിയത്.



**രാധാകൃഷ്ണൻ ഉണ്ണികുളം.**




### കുട്ടികളുടെ മഷിപ്പച്ച പംക്തിയിലേക്ക് എഴുത്തുവഴിയിലെ

# പുതുനാമ്പുകൾക്ക് സ്വാഗതം

**സ്നേ**ഹത്തിന്റെ മഞ്ഞുതുള്ളിയായി ഈ വാക്കുകൾ, നിങ്ങളിൽ നിറയ്ക്കുക, എന്ന സദുദ്ദേശ്യത്തോടെ മഷിപ്പച്ച മാസികയിലെ ബാലപംക്തിയുടെ ദളങ്ങൾ നിങ്ങളുടെ മുന്നിൽ വിടർത്തുന്നു. ഇതിലെ ഓരോ വരികളും ഓരോ ചിത്രവും മുന്നോട്ടുള്ള, നിങ്ങളുടെ ജീവിതത്തിന് കരുതലും പ്രചോദനവുമാകട്ടെ...

കനിവിന്റെ ബാലപാഠങ്ങൾ, നന്മയുടെ വിളനിലങ്ങൾ, എന്നിവ അക്ഷരങ്ങളിലൂടെ ചേർത്തുവച്ച് മുന്നോട്ടു നയിക്കാൻ കുട്ടികളുടെ മഷിപ്പച്ച എന്ന ഈ പംക്തിക്ക് കഴിയുമെന്ന് പ്രതീക്ഷയുണ്ട്.

'സ്നേഹമാണഖിലസാരമൂഴിയിൽ' എന്ന കവി വാക്യത്തിൽ നിന്ന് തന്നെ നമുക്ക് ആരംഭിക്കാം. മുന്നിൽ കാണുന്ന എല്ലാ സഹജീവികളെയും സ്നേഹത്തോടെയും കരുണയോടെയും ഇഷ്ടത്തോടെയും ചേർത്തുവച്ച്, മുന്നോട്ടുപോകാൻ എന്റെ കുരുന്നുകൾക്ക് ആകട്ടെ, നന്മയുടെ പൂവാടിയിൽ നിങ്ങൾ വിതറുന്ന ഓരോ ചെറിയ വിത്തുകളും മരമായും പൂവായും കായായും ഭൂമിക്ക് തണലേകട്ടെ... മാനവരാശിക്ക് അനശ്വര മാതൃകയാവട്ടെ...

കുട്ടികളുടെ മഷിപ്പച്ച വായിക്കുന്ന നിങ്ങളിൽ, തിരിച്ചറിവിന്റെ നനുത്ത പൂക്കൾ വിടരട്ടെ...

ഇനി മുന്നോട്ടുള്ള ജീവിതത്തിൽ ഈ അക്ഷരക്കൂട്ടുകൾ നിങ്ങൾക്ക് തുണയാവട്ടെ.. വളർന്നു വലുതാവുമ്പോൾ വന്ന വഴികൾ മറക്കാതിരിക്കുക... മറ്റുള്ളവർക്ക് മാർഗദീപങ്ങൾ ആവുക... ഭൂമിയിലെ വിലയേറിയ മുത്തുകളാവുക... നമുക്കൊരുമിച്ച് മുന്നേറാം.

*** *** ***

**മ**ഷിപ്പച്ച മാസികയിൽ, 15 വയസിനു താഴെയുള്ളവരുടെ രചനകളാണ് ഉൾപ്പെടുത്തുക. 94462 30972 എന്ന നമ്പറിൽ രചനകൾ വാട്സപ്പ് അയക്കാം. vyaparakeralam@gmail.com എന്ന ഐഡിയിലേക്ക് ഇമെയിൽ ആയും രചനകൾ അയക്കാം.

കവിത /കഥ / യാത്രാവിവരണങ്ങൾ / ചിത്രങ്ങൾ / അനുഭവക്കുറിപ്പുകൾ / എന്നിവ ചെറിയ രചനകൾ ആയി പഠിക്കുന്ന ക്ലാസ് / സ്കൂൾ / ഫോൺനമ്പർ സഹിതം അയക്കുക

**അശോകേട്ടൻ**
എഡിറ്റർ,
കുട്ടികളുടെ മഷിപ്പച്ച

# മഴവില്ല്

അന്നത്തെ ദിവസം അത്ര നല്ലതായിരുന്നില്ല. കൊച്ചു കൊച്ചു സന്തോഷങ്ങളും, അതിലേറെ സങ്കടങ്ങളുമുള്ള ഒരു ദിവസമായിരുന്നു അത്. ഞാൻ വീടിന്റെ പൂമുഖത്ത് അനന്തമായ ആകാശത്തേക്ക് നോക്കിയിരിക്കുകയായിരുന്നു. സന്തോഷവും, സങ്കടവും എല്ലാം കലർന്ന ഒരു അവസ്ഥ യിലിരിക്കുന്ന എന്റെ മനസ്സുപോലെ തന്നെയായിരുന്നു. ആകാശാവും; ആകാശത്ത് കാർമേഘങ്ങൾ നിറഞ്ഞു നിന്നിരുന്നു എങ്കിലും സൂര്യന്റെ രശ്മിയുടെ നേരിയ കണങ്ങൾ അതിനിടയിലൂടെ കടന്നുവന്ന് ഭൂമിയെ തലോടിയിരുന്നു. പക്ഷെ സൂര്യരശ്മിയെ കാർമേഘക്കൂട്ടം കീഴടക്കി.

കരയാൻ വീർപ്പുമുട്ടിയിരിക്കുകയായിരുന്ന ആകാശം പൊട്ടിക്കരയാൻ തുടങ്ങി. 'കണ്ണീർമഴ' നനയേണ്ടെന്നു കരുതി ഞാൻ വീടിനുള്ളിൽ കയറി വാതിലടച്ചു. എങ്കിലും ആകാശം അവളുടെ സങ്കടം എന്നോടു പറഞ്ഞു കൊണ്ടിരുന്നു. ഞാൻ അതു കേട്ട് മിണ്ടാതിരുന്നു. അല്ലെങ്കിലും ഞാൻ എന്തു പറഞ്ഞു സമാധാനിപ്പിക്കാനാണ്? ഞാനും സങ്കടത്തിലാണല്ലോ?

ഞാനൊന്നും പറയാഞ്ഞതിനാലായിരിക്കും കുറച്ചു കഴിഞ്ഞപ്പോൾ അവൾ കരച്ചിൽ നിർത്തി. എന്നോട് പരിഭവമായിക്കാണുമോ ? എനിക്ക് പരിഭ്രമമായി. അവളുടെ ശബ്ദം കേൾക്കാതാകുമ്പോൾ ഞാൻ തേടി വരുമോ എന്നറിയാൻ കരച്ചിൽ അടക്കിപ്പിടിച്ച് തേങ്ങുകയാകുമോ ? ഞാൻ വാതിൽ തുറന്ന് പുറത്തേക്ക് ഇറങ്ങി. അവൾ പോയിക്കഴിഞ്ഞിരുന്നു.

എന്നാൽ അവൾ എനിക്കായി കരുതി വെച്ച സമ്മാനം, എത്ര മനോഹരമായിരുന്നു ! സൂര്യ രശ്മികൾ കാർമേഘങ്ങളെ തോൽപ്പിച്ച് പൂർവാധികം ശക്തിയോടെ ഭൂമിയെ വന്നു പുണരുന്നു. അവളുടെ കണ്ണീർ പൂമുഖത്തെ പൂക്കൾക്ക് പുതിയ ജീവനേകിയിരിക്കുന്നു. തലതാഴ്ത്തി നിൽക്കുകയായിരുന്ന അവർ തലയുയർത്തി പിടിച്ച് അവളെ നോക്കി നന്ദി പറയുന്നു. അവരുടെ തളിരിലകളിൽ പറ്റി നിന്നിരുന്ന അവളുടെ കണ്ണീരിൽ അവളുടെ ചിരിയാകുന്ന സൂര്യപ്രകാശം തട്ടിച്ചിന്നി. എന്റെ മനസ്സിൽ പ്രതീക്ഷയുടെ സൂര്യ കിരണങ്ങൾ വന്നു പതിഞ്ഞു. കൂട്ടുകാരി വിഷമിച്ചപ്പോൾ അവൾക്ക് സങ്കടമായിക്കാണണം. ഞാൻ വിഷമിച്ചപ്പോൾ അവൾ അവളുടെ സങ്കടം മറന്ന് എന്നെ സന്തോഷിപ്പിക്കാൻ ശ്രമിച്ചു. എന്റെ കലുഷമായിരുന്ന മനസ്സിനെ ശാന്തമാക്കിയതിന് നന്ദി പറയാൻ കുനിഞ്ഞിരുന്ന മുഖമുയർത്തി ഞാൻ ആകാശത്തേക്കു നോക്കി. ഞാൻ ചിരിച്ചെന്നുകണ്ട് അവളും ചിരിച്ചു,

ഏഴുവർണ്ണങ്ങളിൽ ......


**ഗായത്രി ഗോപകുമാർ**

IX th

ജെ എം ജെ ഇ എം എച്ച് എസ് എസ്

അത്താണി, തൃശ്ശൂർ



# വിടരാത്ത പൂമൊട്ട്

തൊടിയിലൊരറ്റത്തായ്,
തലയും താഴ്ത്തി നിൽപ്പൂ ,
വിടരാൻ മടിച്ചൊരാ പൂമൊട്ട് .

ഒരു നാളതുവഴി വന്നൊരാ
ഇളം കാറ്റു ചോദിച്ചൂ ,
എന്തേ മൊട്ടേ വിടരാത്തൂ?

കരിമേഘമേറി വന്നൊരാ
കുഞ്ഞു മഴ ചോദിച്ചൂ ,
എന്തേ മൊട്ടേ വിടരാത്തൂ?

വർണ ചിറകുകൾ വീശി വന്നൊരാ
കൊച്ചു പൂമ്പാറ്റ ചോദിച്ചൂ ,
എന്തേ മൊട്ടേ വിടരാത്തൂ?

'വിടരാനെനിക്കു ഭയമാണേ
വിടർന്നാൽ ഞാനോ കൊഴിയില്ലേ ?!' -
പൂമൊട്ടങ്ങനെ വിലപിച്ചു

സങ്കടം കേട്ടാ പൂമ്പാറ്റ ചൊല്ലീ,
ഭൂമിയിലുള്ള സർവ്വരുമേ,
തൻ കർമങ്ങൾ ചെയ്യേണം,
പുലരിയിൽ സൂര്യനുദിക്കേണം,
രാത്രിയിൽ അമ്പിളിയെത്തേണം.
ആശങ്കയെല്ലാം വെടിയേണം,
വിടരൂ വിടരൂ വേഗം നീ.

**ഭദ്ര. എസ്**
V. B, ജി.യു.പി.എസ്. വരടിയം



# ഇനി ഞങ്ങൾ ഒരു കഥ പറയാം

ഗാസയിലെ
രക്തഭൂമിയിലേക്ക്
സ്വാഗതം.

ഇവിടെ നിങ്ങൾ
പൂവുകളെപ്പറ്റിയും
മരങ്ങളെപ്പറ്റിയും
ഒന്നും മിണ്ടരുത്.

പകരം, ഞങ്ങൾ
പുകക്കൂണുകളെപ്പറ്റി,
ചോരയൊലിച്ച മുഖങ്ങളെപ്പറ്റി,
ഭൂപടത്തിൽ
പൊട്ടുകൾ മാത്രമായിത്തീരുന്ന
ഞങ്ങളുടെ ദേശത്തെപ്പറ്റി,
കുഞ്ഞുങ്ങളുടെ
നിഷ്കളങ്കമായ ചിരികളുടെ
തേങ്ങലിനെപ്പറ്റി,
പിറക്കാൻ അവകാശമില്ലാത്ത
സ്വപ്നങ്ങളെപ്പറ്റി പറയാം.

കൊതി തീരും വരെ ആകാശം
കണ്ടവരുടെയും
ആ ആകാശത്തെ
കരിച്ചുകളഞ്ഞ
യുദ്ധപ്രേമികളുടെയും
ഇന്നീ മണ്ണും വിണ്ണും സമുദ്രവും
കൈപ്പിടിയിൽ ഒതുക്കിയ
നേതാക്കളുടെയും
കഥകൾ ഒരു പുഞ്ചിരിയോടെ
പറഞ്ഞു തരാം.

**ചിന്ത** P K
10ആം ക്ലാസ്സ്
G.V.H.S.S Karakurussi
6238303550

# വര










**ദേവാനന്ദ്** MS,
IX - C, CMGHSS,
കുറ്റൂർ, തൃശ്ശൂർ



**അദ്വൈത് വി ആർ**
വടക്കേപുരക്കൽ ഹൗസ്
കാര്യാട്ടുകര
എൽത്തുരുത്ത്
സെന്റ് അലോഷ്യസ്സ് എൽ പി സ്കൂൾ
Std 3



# ദുരിതാശ്വാസക്യാമ്പിലെ പെൺകുട്ടി



**സേതു എം നായർ കരിപ്പോൾ**

**ഏ**റെ പണിപ്പെട്ടാണ് അവശിഷ്ടങ്ങൾക്കടിയിലെ ചവറുകൾക്കിടയിൽക്കിടന്ന് ഞരങ്ങുന്ന ആ പെൺകുട്ടിയെ അയാൾ പുറത്തെടുത്തത്. ചെളിയിൽ പാതിയിലേറെ പുതഞ്ഞുപോയ ശരീരഭാഗങ്ങൾ വലിച്ചെടുക്കുമ്പൊഴും, രക്തം പൊടിയുന്ന വ്രണങ്ങളിൽ മഴവെള്ളം തട്ടി നീറ്റലെടുക്കുമ്പൊഴും ഒന്നു ഞരങ്ങുകപോലും ചെയ്യാതെ കിടക്കുന്ന പെൺകുട്ടി! ദേഹത്തൊട്ടിപ്പിടിച്ച മാലിന്യങ്ങൾ ശുദ്ധജലത്തിൽ കഴുകി അവളെ ദുരിതാശ്വാസക്യാമ്പിൽ എത്തിച്ച് തിരിഞ്ഞു നടക്കാൻ തുടങ്ങുമ്പോൾ പിന്നിൽ ചിലമ്പിച്ച നേർത്ത ശബ്ദം:

“കുറച്ചു വെള്ളം കിട്ട്വോ കുടിക്കാൻ....?”

തിരിഞ്ഞു നടന്നു. മണ്ണിൽ പാതി കുഴിച്ചിട്ട പാനയിൽനിന്ന് ഒരു ഗ്ലാസ് വെള്ളം മുക്കി കൊടുക്കുമ്പോൾ അവളുടെ മുഖത്ത് അയാളുടെ കണ്ണുകൾ ഉടക്കി. എവിടെയോ കണ്ടു മറന്ന മുഖം....! നല്ല പരിചയമുള്ളതുപോലെ....! കാരണമില്ലാത്ത ഒരു മമത ആ കുട്ടിയോടയാൾക്കു തോന്നി. ക്യാമ്പിലെ തിരക്കൊഴിഞ്ഞ ഇടവേളകളിൽ അവളുമായി സമയം ചെലവിടാൻ അയാളുടെ ഹൃദയം കൊതിച്ചു. മനസ്സ് പോയ ജന്മങ്ങളിൽ ബാക്കിനില്ക്കുന്ന ജന്മബന്ധങ്ങളെ കൂട്ടിവായിക്കുന്ന ചില സന്ദർഭങ്ങളുണ്ട്. അതിലൊന്നായി ഈ അടുപ്പത്തെക്കാണാൻ അയാൾ ശ്രമിച്ചു. ഉത്കണ്ഠ കനം തൂങ്ങുന്ന ഒരു നിമിഷത്തിൽ വളരെ പണിപ്പെട്ട് അയാൾ ചോദിച്ചു:

“മോൾടെ പേരെന്താ?”

ക്ഷീണിച്ച സ്വരത്തിൽ ഒറ്റ വാക്കിലൊരു മറുപടിയാണ് പ്രതീക്ഷിച്ചത്. പക്ഷേ അവളതിനെ ഒരു മറുചോദ്യംകൊണ്ടായിരുന്നു നേരിട്ടത്:

“അമ്മ വിളിക്കണ പേരു വേണോ, അതോ സ്ക്കൂളിൽ വിളിക്കണ പേരു മതിയോ?”

ഒരുൽക്കയെപ്പോലെ മിന്നി മറഞ്ഞ വിസ്മയത്തെ വിഴുങ്ങിക്കൊണ്ട് അയാൾ പറഞ്ഞു:

“രണ്ടും പറ... മോളെ സ്ക്കൂളിലെന്താ വിളിക്ക്യാ....?”

“ആര്യാ...ആര്യാന്നാ വിളിക്ക്യാ....”

"അപ്പൊ അമ്മയോ...?"

"അമ്മ...അമ്മൂന്ന് വിളിക്കും"

"എങ്ങനെ വിളിക്കണതാ മോൾക്കിഷ്ടം?"

"അമ്മൂന്ന് വിളിക്കണത്. അതാ ആര്യക്കിഷ്ടം."

"അപ്പോ ഞാനിനി മോളെ അമ്മൂന്ന് വിളിച്ചോട്ടെ?"

"അത് വേണ്ടാട്ടോ... അമ്മയൊഴികെ മറ്റാരും അങ്ങനെ വിളിക്കണത് ഇഷ്ടല്ല ആര്യക്ക്..."

"മോൾക്ക് അത്രയ്ക്ക് ഇഷ്ടാണോ അമ്മയെ?"

"ങ്ഹൂംഠഠഠ.... ജീവനാ..." ആ കൊച്ചു കണ്ണുകൾ ഉത്സാഹംകൊണ്ടു വിടർന്നു.

"അപ്പൊ അച്ഛനെ ഇഷ്ടല്ലേ?"

"അറീല്യാട്ടോ...ആര്യ അച്ഛനെ കണ്ടിട്ടില്ലല്ലൊ..."

"അതെന്താ?"

"അച്ഛനെപ്പറ്റിച്ചോദിച്ചാല് ഒന്നുകിൽ അമ്മയ്ക്ക് ദേഷ്യം വരും... അല്ലെങ്കിൽ അമ്മ കരയും..."

ഘനീഭവിച്ചു നില്ക്കുന്ന ഒരുപാടു വേദനകളുടെ മൗനാക്ഷരങ്ങൾ ആ ഉത്തരത്തിൽ നിന്ന് അയാൾ വായിച്ചെടുത്തു. വിഷാദം ഉറഞ്ഞു നില്ക്കുന്ന ഏതോ നിമിഷാർദ്ധത്തിൽ അവൾ ആരോടെന്നില്ലാതെ തുടർന്നു:

"അമ്മ വരൂത്രെ നാളെ... ആര്യേക്കൊണ്ടോവാൻ...അങ്ങന്യാ പറേണ് കേട്ടത്...."

അതിന് ശേഷമുള്ളവ കേൾക്കാൻ മനസ്സനുവദിച്ചില്ല. അവിടെനിന്ന് എഴുന്നേറ്റു നടന്നു. ആര്യ തന്നെ വിട്ടു പോവുക...! ആലോചിക്കാൻപോലും ആവുന്നില്ലല്ലൊ തനിക്കത്...! എന്തേ ഇതിങ്ങനെയെല്ലാം...? അല്ലെങ്കിൽത്തന്നെ ആ കുട്ടി തനിക്കാരാണ്?

ക്യാമ്പിലെ പ്രവർത്തനങ്ങളിൽ മുഴുകുമ്പോൾ മനസ്സിനെന്തോ ലാഘവം വന്നതുപോലെ.... എല്ലാം താൻ മറക്കുന്നതുപോലെ ഒരു തോന്നൽ...! ആൾക്കൂട്ടത്തിൽ ഒറ്റപ്പെട്ടുപോകുന്ന ഒരു നിമിഷത്തിൽനിന്ന് ഏതോ ഒരു ശബ്ദം തന്നെ വിളിച്ചുണർത്തി:

"സാറിനെക്കാണാൻ ആരോ വന്നിട്ടുണ്ട്. കുറേ നേരായി വന്നിട്ട്..."

ഇവിടെ ആര് തന്നെക്കാണാൻ...? എഴുന്നേറ്റു നടന്നു. പുറത്ത് തന്നെക്കാണാൻ നില്ക്കുന്ന ആര്യയുടെകൂടെ യുവത്വം വിട്ടുമാറാൻ കൂട്ടാക്കാത്ത ഒരു സ്തീയും. ഊഹിച്ചു... ആര്യയുടെ അമ്മയാവും. എങ്കിലും സാമാന്യമര്യാദയ്ക്കുവേണ്ടി ചോദിച്ചു:

"ആര്യയുടെ അമ്മയാണ്, അല്ലേ?"

"അതെ..."

പ്രവാഹത്തിനിടയ്ക്ക് കല്ലുകളിൽത്തട്ടിയില്ലാതാവുന്ന ജലകണികകൾപോലെ പുറത്തേക്കൊഴുകിയെത്താൻ മടിക്കുന്ന ശബ്ദം.

"എവിടാ താമസം...?"

"ഞാൻ കോഴിക്കോട്ടാ... അവിട്യാ ജോലി... ഇവള് ഇവിടെ എന്റെ അന്യേത്തിടെ കൂട്യാ താമസം.... തറവാട് ഭാഗം വെച്ചപ്പോ അവിടെള്ളതൊക്കെ വിറ്റ് ഞങ്ങളിങ്ങോട്ടു പോന്നു. ജോലി കോഴിക്കോട്ടായതോണ്ട് ഞാനവിടെത്തന്ന്യാ... വാടകവീട്ടില്..... ഇവിടത്തെ പെരുമഴയെക്കുറിച്ചും, ഉരുളുപൊട്ടലിനെക്കുറിച്ചും, രക്ഷാപ്രവർത്തനങ്ങളെക്കുറിച്ചും ഒക്കെ ടീവീല് വാർത്ത കണ്ടപ്പഴാ അറീണത്....! മോളെപ്പറ്റീം, അന്യേത്ത്യേപ്പറ്റീം ഒക്കെള്ള ചിന്തകള് ഇടിവെട്ടുമ്പോല്യാ മനസ്സില് പൊഴങ്ങി വീണത്. ടീവീല് കണ്ട നമ്പറില് ഫോൺ ചെയ്ത് പൊറപ്പെടണ വിവരോം അറീച്ചോണ്ട് അവിടന്ന് ഇവിടെ എത്തുന്ന വരെള്ള വെപ്രാളം....ദൈവമേ" ഉയർന്നു വന്ന തേങ്ങലടക്കാൻ അവർ സാരിത്തലപ്പുകൊണ്ട് വായ് പൊത്തി.

"മോള് ഇവിടെണ്ട്ന്ന് എങ്ങന്യാ അറിഞ്ഞത്?"

"എല്ലാം കഴിഞ്ഞൂന്നാ നിരീച്ചേ.... ഇവിടെയെത്തി ഓരോ ക്യാമ്പിലും ഇറങ്ങിത്തിരഞ്ഞപ്പോ ഒടുക്കം...." അവരത്

മുഴുമിച്ചില്ല. ഈറനാവുന്ന മിഴിയോരങ്ങൾ സാരിത്തുമ്പുകൊണ്ട് അവർ തുടച്ചു. അത് കണ്ടില്ലെന്നു നടിച്ചുകൊണ്ട് അയാൾ ചോദിച്ചു:

"കോഴിക്കോട്ട് എവിട്യാ ജോലി?"

അവൾ ജോലി ചെയ്യുന്ന സ്ഥാപനത്തിന്റെ പേരു പറഞ്ഞു. എണ്ണഛായാചിത്രങ്ങൾക്ക് പ്രശസ്തമായ സ്ഥാപനം. ലളിതമായ ചിത്രങ്ങൾപോലും ആയിരക്കണക്കിനു രൂപയ്ക്ക് വിറ്റുപോകുന്ന പ്രശസ്തിയുണ്ടായിരുന്നു ആ സ്ഥാപനത്തിന്.

"അവിടെ എന്താ ജോലി?"

ഒരു നിമിഷം അയാൾ അവളുടെ കണ്ണുകളിൽ സൂക്ഷിച്ചു നോക്കി. എവിടെയോ ക

ണ്ടു മറന്ന കണ്ണുകൾ. എവിടെ...? എവിടെ വെച്ചാണ് താനവയെ പരിചയപ്പെട്ടത്...? കുതറിപ്പായുന്ന ഓർമ്മകളെ നിയന്ത്രിച്ചുകൊണ്ട് അയാൾ വീണ്ടും ചോദിച്ചു:

"അവിടെ എന്താ ജോലി?"

"പെയ്ന്റിങ്ങാ..."

"പേര് ചോദിച്ചില്ലല്ലോ ഞാൻ..."

"എന്റെ പേര് സാവിത്രി. ജനിച്ചതും വളർന്നതും എല്ലാം കോഴിക്കോട്ടാ..."

അവർ തന്നെക്കുറിച്ചെല്ലാം പറഞ്ഞു. സാവിത്രി...വല്ല്യേടത്തുമനയ്ക്കലെ സാവിത്രി.

ശിഥിലമായി മുറിഞ്ഞുപോയ ഓർമ്മയുടെ നാമ്പുകൾ വീണ്ടും സ്വരുക്കൂടുന്നത് ഒരു ഞെട്ടലോടെ അയാൾ അറിഞ്ഞു. കാലത്തിന്റെ കയങ്ങളിൽ മുങ്ങാംകൂളിയിട്ട് ഓർമകളൾക്കക്കരെയെത്തിയപ്പോൾ അയാൾ സാവിത്രിയെ തിരിച്ചറിഞ്ഞു. കോളേജിൽ തന്റെ ജൂനിയറായിരുന്ന സാവിത്രി.

ആദ്യം സാവിത്രിയെക്കണ്ട സന്ദർഭം പച്ചപിടിച്ച ഓർമ്മയായി ഇന്നും മനസ്സിൽ നിലനില്ക്കുന്നു. വളഞ്ഞുപിരിഞ്ഞ സ്റ്റെയർ കെയ്സിലൂടെ തനിക്കു മുമ്പിൽ നടന്നിറങ്ങുന്ന അവളുടെ മുടിയിൽ വെറുതെ ഒരു കുസൃതിക്കുവേണ്ടി വിരലോടിച്ചുകൊണ്ടു ചോദിച്ചു:

"എന്താ കുട്ടീടെ പേര്?"

അവൾ ചമ്മിപ്പോകുമെന്നാണ് കരുതിയത്. വെട്ടിത്തിരിഞ്ഞുകൊണ്ട് അവൾ പ്രതികരിച്ചു:

"ഈ വക തൊട്ടുതലോടലും തോന്ന്യാസോന്നും എന്നോടു വേണ്ടാട്ട്വോ? ചുട്ട അടികൊള്ളും എന്നോടു കളിച്ചാല്..."

വാസ്തവത്തിൽ താനാണ് ചമ്മിയത്. ജാള്യത പ്രകടിപ്പിക്കാതെ വീണ്ടും ചോദിച്ചു:

"ഹേയ്, പറയടോ, തന്റെ പേരെന്താ?"

ഒന്നും നടക്കാത്തതുപോലെ വളരെ ശാന്തയായി അവൾ പറഞ്ഞു:

"സാവിത്രി...ഇവിടെ അടുത്താ വീട്...വല്ല്യേടത്തുമനയ്ക്കലെ..."

മുഴുമിപ്പിക്കാൻ അനുവദിക്കാതെ നടുക്കു കയറി താൻ ചോദിച്ചു:

"അപ്പോ അന്തർജ്ജനാണ്, അല്ലേ?"

തന്റെ ചോദ്യത്തിലെ പരിഹാസം ചുവച്ചറിഞ്ഞുകൊണ്ടവൾ മൊഴിഞ്ഞു:

"പരിഹസിക്കൊന്നും വെണ്ടാട്ട്വോ... അന്തർജ്ജനംതന്ന്യാ..."

"അപ്പോ ഞാൻ തന്നെ താത്രിക്കുട്ടീന്ന് വിളിച്ചോട്ടേ?"

"എന്താച്ചാ അങ്ങ്ട് വിളിച്ചോളൂ...കേട്ടാ അയ്യേ്യന്ന് തോന്നരുത്... അത്രേള്ളൂ..."

അവൾ ചിരിച്ചു, ഒരു കിലുക്കാംപെട്ടിയെപ്പോലെ. അന്നുവരെ അനുഭവിച്ചറിയാത്ത എന്തൊക്കെയോ വികാരങ്ങൾ തന്റെ മനസ്സിൽ പൊട്ടിവിരിയുന്നത് അയാൾ അറിഞ്ഞു. ആ വെപ്രാളത്തിനിടയിൽ വീണ്ടും അവളുടെ ശബ്ദം:

"അതു പോട്ടെ... എന്താണാവോ തഥാഗതന്റെ പേര്?"

വളരെ കാലത്തെ പരിചയമുള്ളതുപോലെയുള്ള അവളുടെ പെരുമാറ്റം തന്നെ അത്ഭുതപ്പെടുത്തി. അതു മറച്ചുകൊണ്ട് താൻ തുടർന്നു:

"എന്റെ പേര് വിശ്വൻ... നല്ല സ്വഭാവം... അമ്മേടേം അച്ഛന്റേം ഒരേ മകൻ... വീട് മലപ്പുറത്താ...."

പറഞ്ഞുതീരുംമുമ്പേ മെത്താപ്പൂ കത്തിയുയരുംപോലെ അവൾ വീണ്ടും ചിരിച്ചു.

"ഹയ്യട, അപ്പോ സത്സ്വഭാവിയാണല്ലേ? കാണാൻ കൊള്ളാവുന്ന പെങ്കുട്ട്യോൾടെ തലമുടീല് കൈവെക്കണ കണ്ടപ്പോഴേ എനിക്കു തോന്നീതാ, അസ്സലു സ്വഭാവായിരിക്കുംന്ന്..."

കത്തിത്തിളങ്ങുന്ന അവളുടെ മൂർച്ചയുള്ള കണ്ണുകളിൽ പേരറിയാത്ത ഏതോ ഒരു ഭാവം അയാൾ വായിച്ചെടുത്തു. മനസ്സ് അപ്പോഴും മന്ത്രിച്ചുകൊണ്ടിരുന്നു: "താത്രിക്കുട്ടി...ഇവൾ എന്റേതുണ്...എനിക്കുവേണ്ടി പിറന്നവൾ..."

മനസ്സിന്റെ അഗാധതയിൽ ഒരു വരാൽമത്സ്യത്തെപ്പോലെ മേയുന്ന ഓർമ്മകളെ പൊട്ടിച്ചെറിഞ്ഞുകൊണ്ട് അവളുടെ ശബ്ദം! ആര്യയുടെ കൈപിടിച്ചുകൊണ്ട് സാവിത്രി ചോദിച്ചു:

"എന്താ ആലോചിക്കണ്...? പോട്ടേ ഞാന്..? "

"താത്രിക്കുട്ടീ...ഓർമ്മയുണ്ടോ താത്രിക്കുട്ടിക്കെന്നെ....? കോളെജിലെ വിശ്വനെ...?"

അവളുടെ കണ്ണുകൾ വിസ്മയംകൊണ്ട് വിരിയുന്നത് അയാൾ കണ്ടു. കടിഞ്ഞാൺ ഊരി വിട്ടോടുന്ന ഓർമ്മയെന്ന യാഗാശ്വത്തിന്റെ ദിക്കറ്റ പ്രയാണത്തിനിടയിൽ സാവിത്രി വിശ്വനെ തിരിച്ചറിഞ്ഞു.

“അയ്യോ സത്യഭാവി... ഇതെന്താ ഇവിടെ?”

“അതൊക്കെപ്പിന്നെപ്പറയാം.... മോൾടെ അച്ഛനെവിടെ...? എപ്പൊഴാ കല്ല്യാണൊക്കെ ക്കഴിഞ്ഞേ?”

“കല്ല്യാണം കഴിഞ്ഞിട്ടൊന്നൂല്ല്യാട്ട്വോ... ഒരു സഹപ്രവർത്തകൻ എന്റെ ഗർഭപാത്രത്തില് മറന്നുവെച്ചിട്ടുപോയ വിത്താ ഇത്...നുള്ളിക്കളയാനൊന്നും പോയില്ല്യാ...ഞാനതിനെ അങ്ങോട്ടു വളർത്തി....”

അല്ലെങ്കിലും സാവിത്രി അങ്ങനെ ആയിരിന്നുവല്ലൊ. എത്ര സാന്ദ്രതയുള്ള സന്ദർഭങ്ങളേയും വളരെ ലാഘവമായി കൈകാര്യം ചെയ്യാൻ ശീലിച്ചവൾ...! സംഭാഷണത്തിന്റെ ദിശ തിരിക്കാൻ ബോധപൂർവം താൻ പറഞ്ഞു:

“സാവിത്രിയുടെ ചിത്രങ്ങൾ ഒരുപാട് കണ്ടിട്ടുണ്ട് ഞാൻ... പക്ഷേ അതിന്റെയൊക്കെ സ്രഷ്ടാവ് താത്രിക്കുട്ടിയാവുംന്ന് കരുതീരുന്നുല്ല്യട്ടോ...?”

“അതൊക്കെപ്പോട്ടെ... സത്യഭാവിക്കെത്ര്യാ കുട്ട്യോള്...?”

“കല്ല്യാണം കഴിഞ്ഞിട്ടുവേണ്ടേ കുട്ട്യോളുണ്ടാവാൻ?”

“അതെന്താ കല്ല്യാണം കഴിക്കാഞ്ഞേ?”

ആ കണ്ണകളിലെ ഉത്ക്കണ്ഠ അയാൾ വായിച്ചെടുത്തു.

“അതൊക്കെ ഒരു പാടുണ്ട് പറയാൻ. പഠിത്തം കഴിഞ്ഞ് നേരെ പോയി ചേർന്നത് എയർഫോഴ്സിലായിരുന്നു. ഒരു പരീക്ഷണപ്പറക്കലിനിടയിൽ വഴിതെറ്റിയ വിമാനം ശത്രുരാജ്യത്ത് തകർന്നു വീണു. അവരു കൊണ്ടുപോയി അകത്തിട്ടു. അവരുടെ മൂന്നാംമുറകളൊക്കെക്കഴിഞ്ഞ് പുറത്തു വന്നപ്പൊഴാ മനസ്സിലായത് ആരോഗ്യം നശിച്ചിരിക്കുണൂന്ന്... ഒരു പെൺകുട്ടീടെ ജീവിതോംകൂടി നശിപ്പിക്കരുതല്ലോന്ന് കരുതി കല്ല്യാണത്തിനൊന്നും മെനക്കെട്ടില്ല. ഇപ്പൊ ഇങ്ങനെ പോതുസേവനവുമൊക്കെയായിട്ടങ്ങനെ കഴിഞ്ഞു കൂടുന്നു.”

ഒറ്റശ്വാസത്തിലാണ് പറഞ്ഞു തീർത്തത്. ഒരിടത്തുപോലും വേദനയുടെ പതർച്ചയുണ്ടാവാതിരിക്കാൻ നന്നേ പണിപ്പെടേണ്ടി വന്നു. എങ്കിലും, താനറിയാതെ വന്നുപോയ ഒരു ദീർഘനിശ്വാസം സാവിത്രിയെ അസ്വസ്ഥയാക്കുന്നത് അയാൾ അറിഞ്ഞു.

“ഒക്കെ വിധ്യാ...അല്ലെങ്കിലും നമ്മുടെ കയ്യിലെന്തുണ്ടുള്ളത്? വരുന്നതൊക്കെ അനുഭവിക്ക്യാ... അത്രതന്നെ...!”

സാവിത്രിയുടെ കണ്ണുകൾ ഈറനണിഞ്ഞു. ചേലത്തുമ്പുകൊണ്ട് മിഴികളൊപ്പിക്കൊണ്ട് അവൾ തുടർന്നു:

“ശരി വിശ്വൻ... അന്യേത്തിടേം ബാക്കിള്ളോരടേം വിവരം ന്തായീന്ന് ഒന്നും അറ്‌ീല്ല്യാ.... ഞാൻ പോട്ടേ... ഇനിയും വിധീണ്ടെങ്കില് എവിടെങ്കിലും വെച്ച് ഇതുപോലൊക്കെ കാണാം നമുക്ക്...”

ത്ത

അവളുടെ സ്വരം പതറിയിരുന്നു. ആര്യയുടെ കൈപിടിച്ചുകൊണ്ട് അവൾ ധൃതിയിൽ നടന്നകന്നു. എന്തോ ഒരു നഷ്ടബോധം തന്റെ മനസ്സിനെ ഗ്രസിക്കുന്നത് അയാൾ അറിഞ്ഞു. ജീവിതത്തിൽ ഒരിക്കലും തിരിച്ചുനേടാനാവാത്ത വിലപ്പെട്ടതെന്തോ ഒന്ന് തന്നിൽനിന്ന് അകന്നു പോകുന്നതുപോലെ അയാൾക്ക് തോന്നി. തികച്ചും യാന്ത്രികമായി അയാൾ വിളിച്ചു:

“സാവിത്രി...ഒന്ന നില്ക്കോ...?”

അവൾ തിരിഞ്ഞു നിന്നു.

“എന്തേ...?”

“ഒന്നു ചോദിച്ചോട്ടേ....ഇനിയാരെങ്കിലും എനിക്ക് എത്രയുണ്ട് കുട്ടികള്ന്ന് ചോദിച്ചാ ഞാൻ പറഞ്ഞോട്ടേ എനിക്ക് ആര്യാന്നൊരു മകളുണ്ട്ന്ന്....? വിരോധം ണ്ടാവോ അതിന്...?”

അയാളുടെ സ്വരം ഇടറിയിരുന്നു.

“വിശ്വൻ പൊറുക്കണം ട്ട്വോ എന്നോട്... എച്ചിൽപ്പാത്രത്തിൽ വിളമ്പി ശീലോല്ല്യാ സാവിത്രിക്ക്... മാത്രോല്ലാ, തമാശയ്ക്കുപോലും ഇന്നുവരെ ഒരു കള്ളം എന്റെ മോളോട് ഞാൻ പറഞ്ഞിട്ടില്ല....ഇനി വിശ്വനെ അവൾ അച്ഛാന്ന് വിളിക്കുമ്പോ അതൊരു കള്ളം പറയണപോലെയാവില്ല്യേ? എന്റെ മോളെ ഞാൻ വഞ്ചിക്ക്യല്ലേ ചെയ്യണത്... അത് വേണ്ടാ വിശ്വൻ...സഹിക്കാൻ പറ്റില്ല്യ എനിക്കത്...”

അവൾ തിരിഞ്ഞു നടന്നു. തന്റെ ചുറ്റിലും ഇരുട്ട് ഘനീഭവിക്കുന്നതായി അയാൾക്ക് തോന്നി. അതിന്റെ വിദൂരതയിലെവിടെയോ ഒരു വെളുത്ത ബിന്ദുവായി സാവിത്രി അലിഞ്ഞില്ലാതാവുന്നത് അയാൾ വേദനയോടെ നോക്കി നിന്നു. ●